കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

918

LAW ... LIBRARY
No. 918

# കാലഹരണ ആക്റ്റ്, 1963

## (1963-ലെ 36-ാം നമ്പർ ആക്റ്റ്)

(1974 ജൂൺ 1-ാം തീയതി നിലവിലുള്ള പ്രകാരം)

യൂണിയൻ ഗവൺമെൻറിനുവേണ്ടി കേരള ഗവൺമെൻറ് പ്രസ് സൂപ്രണ്ട്
തിരുവനന്തപുരം ഗവൺമെൻറ് പ്രസ്സിൽ അച്ചടിച്ച്
പ്രസിദ്ധീകരിക്കുന്നത്

1976

© കേന്ദ്ര ഗവൺമെൻറ്
നിയമ ന്യായ കമ്പനി മന്ത്രാലയം

# കാലഹരണ ആക്ററ്, 1963

## വകുപ്പുകളുടെ വിന്യാസം

### ഭാഗം I

### പ്രാരംഭികം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.
2. നിർവ്വചനങ്ങൾ.

### ഭാഗം II

### വ്യവഹാരങ്ങളുടേയും, അപ്പീലുകളുടേയും, അപേക്ഷകളുടേയും കാലഹരണം

3. കാലഹരണതടസ്സം.
4. നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി കോടതി അടച്ചിരിക്കുമ്പോൾ അവസാനിക്കുന്നത്.
5. നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി ചില സംഗതികളിൽ നീട്ടിക്കൊടുക്കുന്നത്.
6. നിയമപരമായ അവശത.
7. പലരിൽ ഒരാളുടെ അവശത.
8. പ്രത്യേകാപവാദങ്ങൾ.
9. സമയം തുടർച്ചയായി നീങ്ങിക്കൊണ്ടിരിക്കുന്നത്.
10. ട്രസ്ററികൾക്കും അവരുടെ പ്രതിനിധികൾക്കും എതിരായുള്ള വ്യവഹാരങ്ങൾ.
11. ഈ ആക്ററ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങൾക്കു വെളിയിൽവച്ച് ഏർപ്പെട്ടിട്ടുള്ള കാൺട്രാക്ററുകളിൻമേലുള്ള വ്യവഹാരങ്ങൾ.

### ഭാഗം III

### കാലഹരണകാലാവധി കണക്കാക്കുന്നത്.

12. നിയമനടപടികളിൽ സമയം ഒഴിച്ചു നിറുത്തുന്നത്.
13. പാപ്പരായി വ്യവഹാരപ്പെടുവാനോ അപ്പീൽ കൊടുക്കുവാനോ അനുമതിക്ക് അപേക്ഷിച്ചിട്ടുള്ള സംഗതികളിൽ സമയം ഒഴിച്ചു നിറുത്തപ്പെടുന്നത്.
14. അധികാരിതയില്ലാത്ത കോടതിയിലെ ഉത്തമവിശ്വാസപൂർവ്വമുള്ള നടപടികളുടെ സമയം ഒഴിച്ചുനിറുത്തപ്പെടുന്നത്.
15. മററു ചില സംഗതികളിൽ സമയം ഒഴിച്ചുനിറുത്തപ്പെടുന്നത്.
16. വ്യവഹാരപ്പെടുവാനുള്ള അവകാശം ഉള്ളതാകുമ്പോഴോ ഉദ്ഭൂതമാകുന്നതിനുമുമ്പോ മരിക്കുന്നതിൻെറ ഫലം.
17. വഞ്ചനയുടേയോ തെററിൻേറയോ ഫലം.
18. ലിഖിതമായുള്ള സമ്മതത്തിൻെറ ഫലം,

19. കടത്തിൻേറയോ ജംഗമസ്വത്തുമുതലിൻമേലുള്ള പലിശയുടേയോ കണക്കിൽ പണം കൊടുക്കുന്നതിൻെറ ഫലം.
20. മറെറാരാളുടെ സമ്മതത്തിൻേറയോ പണം കൊടുക്കലിൻേറയോ ഫലം.
21. പുതിയ വാദിയേയോ പ്രതിയേയോ പകരം ചേർക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നതിൻെറ ഫലം.
22. തുടരുന്ന ലംഘനവും അപകൃത്യങ്ങളും.
23. പ്രത്യേക നഷ്ടംകൂടാതെ നടപടി എടുക്കാവുന്നതല്ലാത്ത കൃത്യങ്ങൾക്ക് നഷ്ടപരിഹാരത്തിനുള്ള വ്യവഹാരങ്ങൾ.
24. പ്രമാണങ്ങളിൽ പറഞ്ഞിട്ടുള്ള സമയം കണക്കാക്കുന്നത്.

ഭാഗം IV

കൈവശംവഴി ഉടമസ്ഥത ആർജ്ജിക്കുന്നത്

25. ചിരാനുഭവംവഴി സൗകര്യാവകാശങ്ങൾ ആർജ്ജിക്കുന്നത്.
26. വിധേയവസ്തുവിൻെറ പ്രതിവർത്തനാവകാശിക്ക് അനുകൂലമായ ഒഴിച്ചുനിറുത്തൽ.
27. വസ്തുവിനുള്ള അവകാശം ഇല്ലാതാക്കുന്നത്.

ഭാഗം V

പലവക

28. ചില ആക്ററുകൾക്കുള്ള ഭേദഗതി.
29. ഒഴിവാക്കൽ.
30. ഇൻഡ്യൻ കാലഹരണ ആക്ററ്, 1908-ൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലഹരണ കാലാവധിയേക്കാൾ കുറഞ്ഞ കാലഹരണകാലാവധിയുള്ള വ്യവഹാരങ്ങൾക്കും മററുമുള്ള വ്യവസ്ഥ.
31. [illegible] നിലവിലുള്ളതോ ആയ വ്യവഹാരങ്ങളേയും മററും സംബന്ധിച്ച വ്യവസ്ഥകൾ.
32. റദ്ദാക്കൽ.

പട്ടിക

കാലഹരണകാലാവധി

# കാലഹരണ ആക്റ്റ്, 1963

(1963-ലെ 36-ാം നമ്പർ)

വ്യവഹാരങ്ങളുടേയും മറ്റ് നടപടികളുടേയും കാലഹരണത്തിനും, അതുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കും ഉള്ള നിയമം സഞ്ചയിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും ഉള്ള ആക്റ്റ്.

[1963 അക്റ്റോബർ, 5]

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ പതിന്നാലാം സംവൽസരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം അധിനിയമം ചെയ്തിരിക്കുന്നു.—

## ഭാഗം I

## പ്രാരംഭികം

1. ചുരുക്കപ്പേരും, വ്യാപ്തിയും, പ്രാരംഭവും.—(1) ഈ ആക്റ്റിന് കാലഹരണ ആക്റ്റ്, 1963 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ജമ്മു-കാശ്മീർ സ്റ്റേറ്റൊഴികെയുള്ള ഇൻഡ്യ മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഇത് കേന്ദ്രഗവൺമെന്റ്, ഔദ്യോഗിക ഗസററിൽ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. നിർവ്വചനങ്ങൾ.—സന്ദർഭം മററുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം, ഈ ആക്റ്റിൽ,—

(ക) ''അപേക്ഷക''നിൽ—

(i) ഹർജിക്കാരനും;

(ii) അപേക്ഷിക്കുവാനുള്ള തന്റെ അവകാശം ഏതൊരാളിൽനിന്നോ ആളിലൂടെയോ ആണ് അപേക്ഷകന് സിദ്ധിക്കുന്നത് അങ്ങനെയുള്ള ഏതെങ്കിലും ആളും;

(iii) എക്സിക്യൂട്ടറായോ അഡ്മിനിസ്ട്രേററായോ മററ് പ്രതിനിധിയായോ ഏതൊരാളുടെ എസ്റ്റേററിനെയാണോ അപേക്ഷകൻ പ്രതിനിധാനം ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളും,

ഉൾപ്പെടുന്നു.

(ഖ) ''അപേക്ഷ''യിൽ ഹർജി ഉൾപ്പെടുന്നു;

(ഗ) ''വിനിമയപത്ര''ത്തിൽ ഹുണ്ടിയും ചെക്കും ഉൾപ്പെടുന്നു;

(ഘ) ''ബാണ്ടി''ൽ വിനിർദ്ദിഷ്ടമായ ഒരു കൃത്യം, അതതു സംഗതി പോലെ, നിർവ്വഹിക്കുന്നുവെങ്കിലോ നിർവ്വഹിക്കാതിരിക്കുന്നുവെങ്കിലോ കടപ്പാടു ശൂന്യമാകുമെന്ന ഉപാധിയിൻമേൽ വേറൊരാൾക്ക് പണം കൊടുക്കുവാൻ ഒരാൾ സ്വയം കടപ്പാടിലേർപ്പെടുന്ന ഏതെങ്കിലും പ്രമാണം ഉൾപ്പെടുന്നു;

(ങ) ''പ്രതി''യിൽ—

(i) പ്രതിക്ക് തന്റെ വ്യവഹാരവിധേയത്വം ഏതൊരാളിൽനിന്നോ ആളിലൂടെയോ ആണ് വന്നുചേരുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളും,

(ii) എക്സിക്യൂട്ടറായോ, അഡ്മിനിസ്ട്രേററായോ മററ് പ്രതി
നിധിയായോ ഏതൊരാളുടെ എസ്റ്റേററിനെയാണോ പ്രതി പ്രതിനിധാനം
ചെയ്യുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളും,

ഉൾപ്പെടുന്നു.

(ച) "സ്വകാര്യാവകാശ"ത്തിൽ കാൺട്രാക്ററിൽനിന്ന് ഉദ്ഭവിക്കുന്ന
തല്ലാത്തതും, ഏതിനാലാണോ ഒരാൾക്ക് മറെറാരാളുടെ വകയായ മണ്ണിന്റെ
ഏതെങ്കിലും ഭാഗമോ മറെറാരാളുടെ ഭൂമിയിൽ വളർന്നുകൊണ്ടിരിക്കുന്നതോ
അതിനോടു ബദ്ധമായതോ അല്ലെങ്കിൽ അതിൻമേൽ ഉപജീവിക്കുന്നതോ ആയ
എന്തെങ്കിലും സ്വന്തം ലാഭത്തിനുവേണ്ടി നീക്കംചെയ്യുവാനും വിനിയോഗിക്കു
വാനും അവകാശമുണ്ടായിരിക്കുന്നത്, അങ്ങനെയുള്ളതും ആയ ഒരു അവകാശം
ഉൾപ്പെടുന്നു;

(ഛ) "വിദേശരാജ്യ"ത്തിന് ഇൻഡ്യയല്ലാത്ത ഏതെങ്കിലും രാജ്യം എന്ന്
അർത്ഥമാകുന്നു;

(ജ) "ഉത്തമവിശ്വാസം" വേണ്ടത്ര ശ്രദ്ധയോടും അവധാനത്തോടും
കൂടി ചെയ്യാത്ത യാതൊന്നും ഉത്തമവിശ്വാസപൂർവ്വം ചെയ്തതായി കരുത
പ്പെടുന്നതല്ല;

(ഝ) "വാദി"യിൽ—

(i) വ്യവഹാരപ്പെടുവാനുള്ള തന്റെ അവകാശം ഏതൊരാളിൽനിന്നോ
ഏതൊരാളിലൂടെയോ ആണോ വാദിക്ക് സിദ്ധിക്കുന്നത്, അങ്ങനെയുള്ള
ഏതെങ്കിലും ആളും;

(ii) എക്സിക്യൂട്ടറായോ അഡ്മിനിസ്ട്രേററായോ മററ് പ്രതിനിധി
യായോ ഏതൊരാളുടെ എസ്റ്റേററിനേയാണോ വാദി പ്രതിനിധാനം ചെയ്യു
ന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളും,

ഉൾപ്പെടുന്നു.

(ഞ) "കാലഹരണകാലാവധി"ക്ക് ഏതെങ്കിലും വ്യവഹാരത്തിനോ
അപ്പീലിനോ അപേക്ഷയ്ക്കോ പട്ടികയാൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാല
ഹരണകാലാവധി എന്ന് അർത്ഥമാകുന്നതും; "നിർണ്ണയിക്കപ്പെട്ടിട്ടുള്ള
കാലാവധി" ക്ക് ഈ ആക്ററിലെ വ്യവസ്ഥകളനുസരിച്ച് കണക്കാക്കുന്ന
കാലഹരണകാലാവധി എന്ന് അർത്ഥമാകുന്നതും, ആണ്;

(ട) "പ്രോനോട്ടി"ന് ഏതു പ്രമാണത്താലാണോ എഴുതിക്കൊടുക്കുന്ന
ആൾ മറെറാരാൾക്ക്, അതിൽ ക്ലിപ്തപ്പെടുത്തിയിട്ടുള്ള സമയത്തോ അല്ലെങ്കിൽ
ആവശ്യപ്പെടുമ്പോഴോ അല്ലെങ്കിൽ കാണുമ്പോഴോ വിനിർദ്ദിഷ്ടമായ ഒരു
പണത്തുക കൊടുക്കാമെന്ന് പരിപൂർണ്ണമായി ഏല്ക്കുന്നത്, അങ്ങനെയുള്ള
ഏതെങ്കിലും പ്രമാണം എന്ന് അർത്ഥമാകുന്നു;

(ഠ) "വ്യവഹാര"ത്തിൽ അപ്പീലോ അപേക്ഷയോ ഉൾപ്പെടുന്നില്ല;

(ഡ) "അപകൃത്യ"ത്തിന് കാൺട്രാക്ററ് ലംഘനംമാത്രമോ ട്രസ്ററ്
ലംഘനം മാത്രമോ അല്ലാത്ത ഒരു സിവിൽ അന്യായകൃത്യം എന്ന് അർത്ഥമാ
കുന്നു;

(ഢ) "ട്രസ്ററി" യിൽ ബെനാമിദാരോ, പണയബാദ്ധ്യത തീർന്നതി
നുശേഷം കൈവശം വച്ചുകൊണ്ടിരിക്കുന്ന പണയഗൃഹീതാവോ ഉടമാവകാശ
മില്ലാതെ അന്യായമായ കൈവശമുള്ള ആളോ ഉൾപ്പെടുന്നില്ല.

ഭാഗം II

## വ്യവഹാരങ്ങളുടേയും അപ്പീലുകളുടേയും അപേക്ഷ കളുടേയും കാലഹരണം

3. കാലഹരണ തടസ്സം.—(1) നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധിക്കു ശേഷം ആരംഭിക്കുന്ന ഏതൊരു വ്യവഹാരവും, സമർപ്പിക്കുന്ന ഏതൊരു അപ്പീലും, ചെയ്യുന്ന ഏതൊരു അപേക്ഷയും, 4 മുതൽ 24 വരെ (രണ്ടും ഉൾപ്പെടെയുള്ള) വകുപ്പുകളിൽ അടങ്ങിയ വ്യവസ്ഥകൾക്ക് വിധേയമായി, കാലഹരണം ഒരു പ്രതിവാദമായി ഉന്നയിക്കപ്പെട്ടിട്ടില്ലെന്നിരുന്നാലും തള്ളിക്കളയേണ്ടതാകുന്നു.

(2) ഈ ആക്ററിന്റെ ആവശ്യങ്ങൾക്ക്, ഒരുവ്യവഹാരം ആരംഭിക്കുന്നത്—

(i) ഒരു സാധാരണ സംഗതിയിൽ, അന്യായം ശരിയായ ഉദ്യോഗസ്ഥന് ബോധിപ്പിക്കുമ്പോഴും;

(ii) ഒരു പാവപ്പെട്ട പാപ്പരുടെ സംഗതിയിൽ, പാപ്പരായി വ്യവഹാരപ്പെടുവാൻ അനുമതിക്കുള്ള അയാളുടെ അപേക്ഷകൊടുക്കുമ്പോഴും;

(iii) കോടതിയാൽ സമാപനംചെയ്തുകൊണ്ടിരിക്കുന്ന ഒരു കമ്പനിയ്ക്കെതിരായ അവകാശവാദത്തിന്റെ സംഗതിയിൽ, അവകാശവാദി അയാളുടെ അവകാശവാദം അഫീഷ്യൽ ലിക്വിഡേററർക്ക് ആദ്യമായി അയച്ചുകൊടുക്കുമ്പോഴും,

ആകുന്നു.

(ഖ) തട്ടിക്കിഴിക്കാനുള്ള ഏതെങ്കിലും അവകാശവാദമോ ഒരു പ്രത്യവകാശവാദമോ ഒരു പ്രത്യേക വ്യവഹാരമായി കരുതപ്പെടുന്നതും, അത്

(i) തട്ടിക്കിഴിക്കലിന്റെ സംഗതിയിൽ, ആ തട്ടിക്കിഴിക്കൽവാദം ഉന്നയിക്കപ്പെട്ടിട്ടുള്ള വ്യവഹാരത്തിന്റെ അതേ തീയതിയിലും;

(ii) പ്രത്യവകാശവാദത്തിന്റെ സംഗതിയിൽ, ആ പ്രത്യവകാശവാദം കോടതിയിൽ ഉന്നയിച്ചിരിക്കുന്ന അതേ തീയതിയിലും,

ആരംഭിക്കുന്നതായി കരുതപ്പെടുന്നതും

ആകുന്നു.

(ഗ) ഒരു ഹൈക്കോടതിയിൽ അർത്ഥനാ നോട്ടീസ്‌വഴിയുള്ള ഒരു അപേക്ഷ ചെയ്യപ്പെടുന്നത്, അത് ആ കോടതിയിലെ ശരിയായ ഉദ്യോഗസ്ഥന് • ബോധിപ്പിക്കുമ്പോൾ ആകുന്നു.

4. നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി കോടതി അടച്ചിരിക്കുമ്പോൾ അവസാനിക്കുന്നത്.—ഏതെങ്കിലും വ്യവഹാരത്തിന്നോ, അപ്പീലിന്നോ അപേക്ഷയ്ക്കോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി, കോടതി അടച്ചിരിക്കുന്ന ദിവസം അവസാനിക്കുന്നിടത്ത്, ആ വ്യവഹാരമോ അപ്പീലോ അപേക്ഷയോ കോടതി വീണ്ടും തുറക്കുന്ന ദിവസം ആരംഭിക്കുകയോ ബോധിപ്പിക്കുകയോ ചെയ്യുകയോ ചെയ്യാവുന്നതാണ്.

വിശദീകരണം.—ഏതെങ്കിലും ദിവസം കോടതി അതിന്റെ സാധാരണ ജോലിസമയത്തിന്റെ ഭാഗമായ ഏതെങ്കിലും സമയത്ത് അടച്ചിരിക്കുന്നുവെങ്കിൽ ഈവകുപ്പിന്റെ അർത്ഥത്തിൽ ആ ദിവസം കോടതി അടച്ചിരിക്കുന്നതായി കരുതപ്പെടുന്നതാകുന്നു.

5. നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി ചില സംഗതികളിൽ നീട്ടിക്കൊടുക്കുന്നത്.—നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധിക്കുള്ളിൽ ഏതെങ്കിലും അപ്പീൽ സമർപ്പിക്കുകയോ, സിവിൽ നടപടി നിയമസംഹിത, 1908, 21-ാം ആർഡറിലെ

വ്യവസ്ഥകളിൽ ഏതിനെങ്കിലും കീഴിലുള്ള അപേക്ഷയല്ലാത്ത ഏതെങ്കിലും അപേക്ഷ ചെയ്യുകയോ, ചെയ്യാതിരിക്കുവാൻ തനിക്ക് മതിയായ കാരണം ഉണ്ടായിരുന്നുവെന്ന് അപ്പീൽ വാദിയോ അപേക്ഷകനോ കോടതിയെ ബോദ്ധ്യപ്പെടുത്തുന്നുവെങ്കിൽ, ആ അപ്പീലോ അപേക്ഷയോ അങ്ങനെയുള്ള കാലാവധിക്കുശേഷം ഫയലിൽ സ്വീകരിക്കാവുന്നതാണ്.

വിശദീകരണം.—നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി തിട്ടപ്പെടുത്തുന്നതിലോ കണക്കാക്കുന്നതിലോ അപ്പീൽവാദിയോ, അപേക്ഷകനോ ഹൈക്കോടതിയുടെ ഏതെങ്കിലും ഉത്തരവിനാലോ, പതിവിനാലോ, വിധിന്യായത്താലോ വഴി തെററിക്കപ്പെട്ടു എന്ന വസ്തുത ഈ വകുപ്പിന്റെ അർത്ഥത്തിൽമതിയായ കാരണമാകാവുന്നതാണ്.

6. നിയമപരമായ അവശത.—(1) ഒരു വ്യവഹാരം ആരംഭിക്കുവാനോ വിധി നടത്താൻ അപേക്ഷ ചെയ്യുവാനോ അവകാശമുള്ള ഒരാൾ, ഏത് സമയം മുതല്ക്കാണോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി കണക്കാക്കേണ്ടത്, ആ സമയത്ത് മൈനറോ, ചിത്തഭ്രമമുള്ളവനോ ജഡബുദ്ധിയോ ആയിരിക്കുന്നിടത്ത്, അയാൾക്ക്, ആ അവശത അവസാനിച്ചതിനുശേഷം, മററുവിധത്തിലാണെങ്കിൽ പട്ടികയിലെ മൂന്നാം കാളത്തിൽ അതിലേക്ക് വിനിർദ്ദേശിച്ചിട്ടുള്ള സമയംമുതൽ അനുവദിക്കപ്പെടുമായിരുന്ന അതേ സമയത്തിനുള്ളിൽ വ്യവഹാരം ആരംഭിക്കുകയോ അപേക്ഷചെയ്യുകയോ ചെയ്യാവുന്നതാണ്.

(2) ഏത് സമയം മുതല്ക്കാണോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലം കണക്കാക്കേണ്ടത്, ആ സമയത്ത് അങ്ങനെയുള്ള ആളെ രണ്ട് അവശതകൾ ബാധിച്ചിരിക്കുന്നിടത്തോ, അല്ലെങ്കിൽ അയാളുടെ അവശത അവസാനിക്കുന്നതിനുമുമ്പ് അയാളെ മറെറാരു അവശത ബാധിക്കുന്നിടത്തോ, അയാൾക്ക് രണ്ട് അവശതകളും അവസാനിച്ചതിനുശേഷം, മററുവിധത്തിലാണെങ്കിൽ അപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള സമയം മുതൽ മററുവിധത്തിൽ അനുവദിക്കപ്പെടുമായിരുന്ന അതേ സമയത്തിനുള്ളിൽ വ്യവഹാരം ആരംഭിക്കുകയോ അപേക്ഷചെയ്യുകയോ ചെയ്യാവുന്നതാണ്.

(3) അവശത അയാളുടെ മരണംവരെ തുടരുന്നിടത്ത്, അയാളുടെ മരണശേഷം അയാളുടെ നിയമാനുസൃത പ്രതിനിധിയ്ക്ക്, മററുവിധത്തിലാണെങ്കിൽ അപ്രകാരം വിനിർദ്ദേശിച്ചിട്ടുള്ള സമയം മുതൽ അനുവദിക്കപ്പെടുമായിരുന്ന അതേ സമയത്തിനുള്ളിൽ വ്യവഹാരം ആരംഭിക്കുകയോ അപേക്ഷ ചെയ്യുകയോ ചെയ്യാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പിൽ പരാമർശിച്ച നിയമാനുസൃതപ്രതിനിധിയെ, അയാൾ പ്രതിനിധാനം ചെയ്യുന്ന ആളുടെ മരണത്തീയതി ഏതെങ്കിലും അവശത ബാധിച്ചിരിക്കുന്നിടത്ത് (1)-ം (2)-ം ഉപവകുപ്പുകളിൽ അടങ്ങിയിട്ടുള്ള ചട്ടങ്ങൾ ബാധകമാകുന്നതാണ്.

(5) അവശതയുള്ള ഒരാൾ അവശത അവസാനിച്ചതിനുശേഷവും, എന്നാൽ ഈ വകുപ്പിൻകീഴിൽ തനിക്കു അനുവദിക്കപ്പെട്ടിട്ടുള്ള കാലാവധിക്കുള്ളിലും മരിക്കുന്നിടത്ത്, മററ് വിധത്തിലാണെങ്കിൽ അയാളുടെ മരണശേഷം അയാൾ മരിച്ചില്ലായിരുന്നു എങ്കിൽ അയാൾക്ക് ലഭ്യമാകുമായിരുന്ന അതേസമയത്തിനുള്ളിൽ അയാളുടെ നിയമാനുസൃതപ്രതിനിധിക്ക് വ്യവഹാരം ആരംഭിക്കുകയോ അപേക്ഷ ചെയ്യുകയോ ചെയ്യാവുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്, ''മൈനറി''ൽ ഗർഭസ്ഥശിശു ഉൾപ്പെടുന്നു.

7. <u>പലരിൽ ഒരാളുടെ അവശത.</u>—കൂട്ടായി ഒരു വ്യവഹാരം ആരംഭിക്കു
വാനോ ഒരു വിധി നടത്തുവാൻ അപേക്ഷ ചെയ്യുവാനോ അവകാശമുള്ള
പലരിൽ ഒരാൾ, അങ്ങനെയുള്ള ഏതെങ്കിലും അവശതയുള്ളവനായിരിക്കു
കയും അയാളുടെ യോജിപ്പില്ലാതെ ബാദ്ധ്യത വിടുത്തിക്കൊടുക്കുവാൻ കഴിയു
കയും, ചെയ്യുന്നിടത്ത്, സമയം അവർക്കെല്ലാവർക്കുമെതിരായി നീങ്ങിക്കൊ
ണ്ടിരിക്കുന്നതും, എന്നാൽ അങ്ങനെ ബാദ്ധ്യത വിടുത്തിക്കൊടുക്കുവാൻ കഴി
യാത്തിടത്ത്, സമയം ആർക്കുമെതിരായി, അവരിൽ ഒരാൾക്ക് മററുള്ളവരുടെ
യോജിപ്പില്ലാതെ ബാദ്ധ്യത വിടുത്താൻ കഴിവുണ്ടാകുന്നതുവരേയോ അല്ലെങ്കിൽ
അവശത അവസാനിക്കുന്നതുവരേയോ നീങ്ങികൊണ്ടിരിക്കുന്നതല്ലാത്തതും,
ആകുന്നു.

വിശദീകരണം.—(1) ഈ വകുപ്പ്, ഏതെങ്കിലും സ്ഥാവര വസ്തുസംബ
ന്ധിച്ച ബാദ്ധ്യത ഉൾപ്പെടെയുള്ള ഏതൊരുവിധം ബാദ്ധ്യതയിൽനിന്നും
ഉള്ള ഒരു വിടുത്തലിന് ബാധകമാകുന്നു.

വിശദീകരണം.—(2) ഈ വകുപ്പിൻെറ ആവശ്യങ്ങൾക്ക്, മിതാക്ഷരനിയമ
ത്താൽ അനുശാസിക്കപ്പെടുന്ന ഒരു അവിഭക്ത ഹിന്ദുകുടുംബത്തിലെ
മാനേജർക്ക്, കുടുംബത്തിലെ മററംഗങ്ങളുടെ യോജിപ്പില്ലാതെ ബാദ്ധ്യത
വിടുത്താൻ കഴിവുള്ളതായി കരുതപ്പെടുന്നത് അയാൾക്ക്കൂട്ടുകുടുംബ
സ്വത്തിൻെറ മാനേജുമെൻറുള്ളപ്പോൾ മാത്രമാകുന്നു.

8. <u>പ്രത്യേകാപവാദങ്ങൾ.</u>— 6-ാം വകുപ്പിലേയോ 7-ാം വകുപ്പിലേയോ
യാതൊന്നും അഗ്രക്രയാവകാശം ബലത്തിൽ കൊണ്ടുവരുവാനുള്ള വ്യവഹാര
ത്തിന് ബാധകമാകുന്നതോ ഏതെങ്കിലും വ്യവഹാരത്തിൻേറയോ അപേക്ഷ
യുടേയോ കാലഹരണകാലാവധി അവശത അവസാനിച്ചതുമുതല്ക്കോ അവശത
ബാധിച്ച ആളുടെ മരണം മുതല്ക്കോ മൂന്നുവർഷത്തിലധികം നീട്ടിക്കൊടുക്കുന്ന
തായി കരുതപ്പെടുന്നതോ അല്ല.

9. <u>സമയം തുടർച്ചയായി നീങ്ങിക്കൊണ്ടിരിക്കുന്നത്.</u>— സമയം ഒരിക്കൽ
നീങ്ങിത്തുടങ്ങിയാൽ ഒരു വ്യവഹാരം ആരംഭിക്കുവാനോ ഒരു അപേക്ഷ
ചെയ്യുവാനോ ഉള്ള പിന്നീടുണ്ടാകുന്ന അവശതയോ അസമർത്ഥതയോ
അതിനെ നിറുത്തുന്നതല്ല:

എന്നാൽ ഒരു ഉത്തമർണ്ണൻെറ എസ്റേററ് സംബന്ധിച്ച അഡ്മിനിസ്
ട്രേഷൻ പത്രങ്ങൾ അയാളുടെ അധമർണ്ണന് നല്കിയിട്ടുള്ളിടത്ത്, ആ കടം
വസൂലാക്കുവാനുള്ള വ്യവഹാരത്തിൻെറ കാലഹരണകാലാവധി അഡ്മിനിസ്
ട്രേഷൻ തുടർന്നുകൊണ്ടിരിക്കുമ്പോൾ നിറുത്തിവയ്ക്കപ്പെടുന്നതാണ്".

10. <u>ട്രസ്ററികൾക്കും അവരുടെ പ്രതിനിധികൾക്കും എതിരായുള്ള
വ്യവഹാരങ്ങൾ.</u>—ഈ ആക്ററിലെ മുൻപറഞ്ഞ വ്യവസ്ഥകളിൽ എന്തുതന്നെ
അടങ്ങിയിരുന്നാലും, ഏതൊരാളിലാണോ വിനിർദ്ദിഷ്ടമായ ഏതെങ്കിലും
ആവശ്യത്തിന് ട്രസ്ററായി വസ്തു നിക്ഷിപ്തമായിട്ടുള്ളത്, അയാൾക്കോ
അയാളുടെ നിയമാനുസൃതപ്രതിനിധികൾക്കോ (മൂല്യമുള്ള പ്രതിഫലത്തിനുള്ള
തീറുകാരല്ലാത്ത) തീറുകാർക്കോ എതിരായി, അങ്ങനെയുള്ള വസ്തുവോ അതിൽ
നിന്നു കിട്ടുന്നതോ, അയാളുടേയോ, അവരുടേയോ കൈകളിലേക്ക് പിൻതു
ടർന്നു ചെല്ലുന്നതിനുവേണ്ടിയുള്ളതോ അല്ലെങ്കിൽ അങ്ങനെയുള്ള വസ്തുവി
ൻേറയോ അതിൽനിന്നു കിട്ടുന്നതിൻേറയോ കണക്ക് പറയാൻ വേണ്ടിയുള്ളതോ
ആയ യാതൊരു വ്യവഹാരത്തിനും ഏത് കാലദൈർഘ്യവും തടസ്സമാകുന്ന
തല്ല.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് ഹിന്ദുമതത്തിന്റേയോ
മുസ്ലീം മതത്തിന്റേയോ ബുദ്ധമതത്തിന്റേയോ മതപരമോ ധർമ്മപരമോ ആയ
ഒരു എൻഡോവ്മെന്റിൽ അടങ്ങിയിട്ടുള്ള ഏതെങ്കിലും വസ്തു നിർദ്ദിഷ്ട
മായ ആവശ്യത്തിന് ട്രസ്റ്റായി നിക്ഷിപ്തമായിട്ടുള്ള വസ്തുവായി കരുത
പ്പെടുന്നതും, ആ വസ്തുവിന്റെ മാനേജർ നിക്ഷേപത്തിന്റെ ട്രസ്റ്റിയായി
കരുതപ്പെടുന്നതും, ആകുന്നു.

11. ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങൾക്ക് വെളിയിൽവച്ച്
ഏർപ്പെട്ടിട്ടുള്ള കാൺട്രാക്റ്റുകളിൻമേലുള്ള വ്യവഹാരങ്ങൾ.—(1) ജമ്മു-
കാശ്മീർ സ്റ്റേറ്റിലോ ഒരു വിദേശരാജ്യത്തോ വച്ച് ഏർപ്പെട്ടിട്ടുള്ള കാൺ
ട്രാക്റ്റുകളിൻമേൽ ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രത്തിൽ ആരംഭി
ക്കുന്ന വ്യവഹാരങ്ങൾ ഈ ആക്റ്റിൽ അടങ്ങിയ കാലഹരണ ചട്ടങ്ങൾക്ക് വിധേ
യമായിരിക്കുന്നതാണ്.

(2) ജമ്മു-കാശ്മീർ സ്റ്റേറ്റിലോ ഒരു വിദേശരാജ്യത്തോ പ്രാബല്യത്തി
ലുള്ള യാതൊരു കാലഹരണചട്ടവും, ആ സ്റ്റേറ്റിലോ ആ വിദേശരാജ്യത്തോ
വച്ച് ഏർപ്പെട്ടിട്ടുള്ള ഒരു കാൺട്രാക്റ്റിൻമേൽ മുൻപറഞ്ഞ രാജ്യക്ഷേത്രങ്ങ
ളിൽ ആരംഭിക്കുന്ന ഒരു വ്യവഹാരത്തിന്—

(ക) ആ ചട്ടം കാൺട്രാക്റ്റ് ഇല്ലാതാക്കിയിരിക്കുകയും,

(ഖ) അങ്ങനെയുള്ള ചട്ടം നിർണ്ണയിച്ചിട്ടുള്ള കാലാവധിക്കിടയിൽ
കക്ഷികൾ ആ സ്റ്റേറ്റിലോ ആ വിദേശരാജ്യത്തോ അധിവാസമുള്ളവരായിരു
ന്നിരിക്കുകയും ചെയ്യാത്തപക്ഷം പ്രതിവാദമായിരിക്കുന്നതല്ല.

## ഭാഗം III

## കാലഹരണക്കാലാവധി കണക്കാക്കുന്നത്

12. നിയമനടപടികളിൽ സമയം ഒഴിച്ചുനിറുത്തുന്നത്.—(1) ഏതെ
ങ്കിലും വ്യവഹാരത്തിന്നോ അപ്പീലിന്നോ അപേക്ഷയ്ക്കോ കാലഹരണകാലാ
വധി കണക്കാക്കുന്നതിൽ, ഏതുദിവസം മുതല്ക്കാണോ അങ്ങനെയുള്ള കാലാ
വധി കണക്കാക്കാനുള്ളത്, ആ ദിവസം ഒഴിച്ചുനിറുത്തുന്നതാണ്.

(2) ഒരു അപ്പീലിന്നോ അപ്പീലനുമതിക്കോ റിവിഷനോ വിധിന്യായ
ത്തിന്റെ റവ്യൂവിനോ ഉള്ള അപേക്ഷക്കോ കാലഹരണകാലാവധി കണക്കാക്കു
ന്നതിൽ, പരാതിപ്പെട്ട വിധിന്യായം പ്രസ്താവിച്ച ദിവസവും, ഏത് വിധി
യിൽനിന്നോ ശിക്ഷാവിധിയിൽനിന്നോ ഉത്തരവിൽ നിന്നോ ആണോ,
അപ്പീൽ കൊടുക്കുകയോ റിവിഷനോ റവ്യൂവോ തേടുകയോ ചെയ്യുന്നത്, ആ
വിധിയുടേയോ, ശിക്ഷാവിധിയുടേയോ ഉത്തരവിന്റേയോ പകർപ്പ് ലഭിക്കു
വാൻ ആവശ്യമായ സമയവും ഒഴിച്ചുനിറുത്തപ്പെടുന്നതാകുന്നു.

(3) ഒരു വിധിയിൽനിന്നോ ഉത്തരവിൽനിന്നോ അപ്പീൽ കൊടുക്കു
കയോ റിവിഷനോ റവ്യൂവോ തേടുകയോ ചെയ്യുന്നിടത്തോ അല്ലെങ്കിൽ ഒരു
വിധിയിൽനിന്നോ ഉത്തരവിൽനിന്നോ അപ്പീലിനുള്ള അനുമതിക്ക് അപേക്ഷ
കൊടുക്കുന്നിടത്തോ, ആ വിധിക്കോ ഉത്തരവിനോ അടിസ്ഥാനമായ വിധിന്യാ
യത്തിന്റെ പകർപ്പ് ലഭിക്കുവാൻ ആവശ്യമായ സമയംകൂടി ഒഴിച്ചുനിറുത്തപ്പെ
ടുന്നതാകുന്നു.

(4) ഒരു അവാർഡ് ദുർബ്ബലപ്പെടുത്തുവാനുള്ള അപേക്ഷയ്ക്ക്
കാലഹരണകാലാവധി കണക്കാക്കുന്നതിൽ, അവാർഡിന്റെ പകർപ്പ് ലഭിക്കു
വാൻ ആവശ്യമായ സമയം ഒഴിച്ചുനിറുത്തപ്പെടുന്നതാകുന്നു.

വിശദീകരണം.—ഈ വകുപ്പിൻകീഴിൽ ഒരു വിധിയുടേയോ ഉത്തരവിന്റേയോ പകർപ്പ് ലഭിക്കുന്നതിന് ആവശ്യമായ സമയം കണക്കാക്കുന്നതിൽ, അതിന്റെ പകർപ്പിനുള്ള അപേക്ഷ കൊടുക്കുന്നതിനുമുമ്പ് ആ വിധിയോ ഉത്തരവോ തയ്യാറാക്കുവാൻ കോടതി എടുത്ത ഏതെങ്കിലും സമയം ഒഴിച്ചുനിറുത്തപ്പെടുന്നതല്ല.

13. പാപ്പരായി വ്യവഹാരപ്പെടുവാനോ അപ്പീൽ കൊടുക്കുവാനോ അനുമതിക്ക് അപേക്ഷിച്ചിട്ടുള്ള സംഗതികളിൽ സമയം ഒഴിച്ചുനിറുത്തപ്പെടുന്നത്.—ഒരു പാപ്പരായി വ്യവഹാരപ്പെടുവാനോ അപ്പീൽ ബോധിപ്പിക്കുവാനോ അനുമതിക്ക് അപേക്ഷ ചെയ്യുകയും, അത് നിരസിക്കുകയും ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയിൽ, ഏതെങ്കിലും വ്യവഹാരത്തിന്നോ അപ്പീലിന്നോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലഹരണകാലാവധി കണക്കാക്കുന്നതിൽ, അങ്ങനെയുള്ള അനുമതിക്കുവേണ്ടി അപേക്ഷകൻ ഉത്തമവിശ്വാസപൂർവ്വം തന്റെ അപേക്ഷ നടത്തിക്കൊണ്ടിരിക്കുന്ന സമയം ഒഴിച്ചുനിറുത്തപ്പെടുന്നതും, അങ്ങനെയുള്ള വ്യവഹാരത്തിന്നോ അപ്പീലിന്നോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കോർട്ടുഫീസ് കൊടുക്കുന്നതിൻമേൽ കോടതിക്ക് ആ വ്യവഹാരത്തിന്നോ അപ്പീലിന്നോ ആദ്യംതന്നെ കോർട്ട്ഫീസ് കൊടുത്തിട്ടുണ്ടായിരുന്നാലെന്നപോലെയുള്ള അതേ പ്രാബല്യവും പ്രഭാവവും ഉള്ളതായി പരിഗണിക്കാവുന്നതും ആണ്.

14. അധികാരിതയില്ലാത്ത കോടതിയിലെ ഉത്തമവിശ്വാസപൂർവ്വമുള്ള നടപടികളുടെ സമയം, ഒഴിച്ചുനിറുത്തപ്പെടുന്നത്.—(1) ഏതെങ്കിലും വ്യവഹാരത്തിനുള്ള കാലഹരണകാലാവധി കണക്കാക്കുന്നതിൽ, വാദി പ്രതിക്കെതിരായി വേണ്ടത്ര ശ്രദ്ധയോടുകൂടി മറ്റൊരു സിവിൽ നടപടി, ഒരു ആദ്യവിചാരണക്കോടതിയിലോ അപ്പീൽ കോടതിയിലോ റിവിഷൻ കോടതിയിലോ ആയാലും, നടത്തിക്കൊണ്ടിരുന്നതായ സമയം, ആ നടപടി, അതേ വിവാദ്യവിഷയം സംബന്ധിച്ചതായിരിക്കുകയും, അധികാരിതയുടെ ന്യൂനതയാലോ, അതേ പ്രകൃതത്തിലുള്ള മററു കാരണത്താലോ വിചാരണയ്ക്കെടുക്കുവാൻ കഴിവില്ലാത്ത ഒരു കോടതിയിൽ ഉത്തമവിശ്വാസപൂർവ്വം നടത്തിയിട്ടുള്ളതായിരിക്കുകയും ചെയ്യുന്നിടത്ത്, ഒഴിച്ചുനിറുത്തപ്പെടുന്നതാകുന്നു.

(2) ഏതെങ്കിലും അപേക്ഷയ്ക്കുള്ള കാലഹരണകാലാവധി കണക്കാക്കുന്നതിൽ, അപേക്ഷകൻ, അതേ നിവൃത്തിക്കുവേണ്ടി അതേ കക്ഷിക്കെതിരായി വേണ്ടത്ര ശ്രദ്ധയോടുകൂടി മറ്റൊരു സിവിൽനടപടി, ആദ്യവിചാരണക്കോടതിയിലോ അപ്പീൽക്കോടതിയിലോ റിവിഷൻകോടതിയിലോ ആയാലും, നടത്തിക്കൊണ്ടിരുന്നതായ സമയം, ആ നടപടി, അധികാരിതയുടെ ന്യൂനതയാലോ അതേ പ്രകൃതത്തിലുള്ള മററു കാരണത്താലോ വിചാരണയ്ക്കെടുക്കുവാൻ കഴിവില്ലാത്ത ഒരു കോടതിയിൽ ഉത്തമവിശ്വാസപൂർവ്വം നടത്തിയിട്ടുള്ളതായിരിക്കുന്നിടത്ത്, ഒഴിച്ചുനിറുത്തപ്പെടുന്നതാകുന്നു.

(3) സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലെ 23-ാം ആർഡർ 2-ാം ചട്ടത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആ ആർഡറിലെ 1-ാം ചട്ടത്തിൻകീഴിൽ കോടതി നല്കിയിട്ടുള്ള അനുവാദത്തിൻമേൽ ആരംഭിച്ചിട്ടുള്ള ഒരു പുതു വ്യവഹാരം സംബന്ധിച്ച് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ അങ്ങനെയുള്ള അനുവാദം കോടതിയുടെ അധികാരിതയുടെ ന്യൂനതയാലോ അതേ പ്രകൃതത്തിലുള്ള മററു കാരണത്താലോ ആദ്യത്തെ വ്യവഹാരം അവശ്യം പരാജയപ്പെടുമെന്ന കാരണത്തിൻമേൽ നല്കിയിട്ടുള്ളതായിരിക്കുന്നിടത്ത് ബാധകമാകുന്നതാണ്.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) ഒരു മുൻ സിവിൽ നടപടി നിലവിലുണ്ടായിരുന്ന സമയം ഒഴിച്ചു നിറുത്തുന്നതിൽ, ആ നടപടി ആരംഭിപ്പിക്കപ്പെട്ട ദിവസവും അത് അവസാനിച്ച ദിവസവും, രണ്ടും എണ്ണത്തിൽ കൂട്ടേണ്ടതാകുന്നു ;

(ഖ) ഒരു അപ്പീൽ എതിർക്കുന്ന വാദിയോ അപേക്ഷകനോ ഒരു നടപടി നടത്തിക്കൊണ്ടിരിക്കുന്നതായി കരുതപ്പെടുന്നതാകുന്നു ;

(ഗ) കക്ഷികളേയോ വ്യവഹാരകാരണങ്ങളോ തെററായി ചേർക്കുന്നത് അധികാരിതയുടെ ന്യൂനതയുടെ അതേ പ്രകൃതത്തിലുള്ള ഒരു കാരണമായി കരുതപ്പെടുതാകുന്നു.

15. <u>മററുചില സംഗതികളിൽ സമയം ഒഴിച്ചുനിറുത്തപ്പെടുന്നത്.</u>— (1) ആരംഭിക്കുന്നതോ വിധി നടത്തുന്നതോ ഒരു ഇൻജംക്ഷനാലോ ഉത്തരവിനാലോ സ്റേറ ചെയ്യപ്പെട്ടിട്ടുള്ള ഏതെങ്കിലും വ്യവഹാരത്തിനോ വിധി നടത്തലിനുള്ള അപേക്ഷയ്ക്കോ ഉള്ള കാലഹരണകാലാവധി കണക്കാക്കുന്നതിൽ, ആ ഇൻജംക്ഷനോ ഉത്തരവോ തുടരുന്ന സമയവും, അത് പുറപ്പെടുവിച്ച ദിവസവും, അത് പിൻവലിച്ച ദിവസവും ഒഴിച്ചുനിറുത്തപ്പെടുന്നതാകുന്നു.

(2) തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം ആവശ്യപ്പെടുന്നതനുസരിച്ച് നോട്ടീസ് നല്കപ്പെട്ടിട്ടുള്ളതോ ഗവൺമെൻറിന്റേയോ മററ് ഏതെങ്കിലും അധികാരസ്ഥാനത്തിന്റേയോ മുൻകൂട്ടിയുള്ള സമ്മതമോ അനുമതിയോ വേണ്ടതോ ആയ ഏതെങ്കിലും വ്യവഹാരത്തിന്റെ കാലഹരണകാലാവധി കണക്കാക്കുന്നതിൽ, അതതുസംഗതിപോലെ, അങ്ങനെയുള്ള നോട്ടീസിന്റെ കാലാവധിയോ അങ്ങനെയുള്ള സമ്മതമോ അനുമതിയോ ലഭിക്കുവാൻ വേണ്ട സമയമോ, ഒഴിച്ചുനിറുത്തപ്പെടുന്നതാകുന്നു.

വിശദീകരണം.—ഗവൺമെൻറിന്റേയോ മററ് ഏതെങ്കിലും അധികാരസ്ഥാനത്തിന്റേയോ സമ്മതമോ അനുമതിയോ ലഭിക്കുവാൻ വേണ്ട സമയം ഒഴിച്ചുനിറുത്തപ്പെടുന്നതിന്, സമ്മതമോ, അനുമതിയോ ലഭിക്കുവാൻ അപേക്ഷ ചെയ്ത ദിവസവും തീയതിയും ഗവൺമെൻറിന്റേയോ മററ് അധികാരസ്ഥാനത്തിന്റേയോ ഉത്തരവ് കിട്ടിയ തീയതിയും രണ്ടും എണ്ണത്തിൽ കൂട്ടേണ്ടതാകുന്നു.

(3) ഒരാളെ നിർദ്ധനനായി ന്യായനിർണ്ണയം ചെയ്യുവാനുള്ള നടപടികളിൽ നിയമിക്കപ്പെട്ട ഏതെങ്കിലും റിസീവറാലോ ഇടക്കാല റിസീവറാലോ അല്ലെങ്കിൽ ഒരു കമ്പനിയുടെ സമാപനത്തിനുള്ള നടപടികളിൽ നിയമിക്കപ്പെട്ട ഏതെങ്കിലും ലിക്വിഡേററാലോ താല്ക്കാലിക ലിക്വിഡേററാലോ ഉള്ള ഏതെങ്കിലും വ്യവഹാരത്തിനോ വിധി നടത്തലപേക്ഷയ്ക്കോ കാലഹരണകാലാവധി കണക്കാക്കുന്നതിൽ, അങ്ങനെയുള്ള നടപടി ആരംഭിക്കുന്ന തീയതിയോടെ തുടങ്ങുന്നതും, അതാതു സംഗതിപോലെ, അങ്ങനെയുള്ള റിസീവറേയോ ലിക്വിഡേററേയോ നിയമിക്കുന്ന തീയതി മുതൽ മൂന്നുമാസം കഴിയുന്നതോടെ അവസാനിക്കുന്നതുമായ കാലാവധി ഒഴിച്ചുനിറുത്തപ്പെടുന്നതാകുന്നു.

(4) ഒരു വിധിനടത്തലിലെ വില്പനയിലെ ക്രേതാവ് കൈവശത്തിന്നായി കൊടുക്കുന്ന വ്യവഹാരത്തിന്റെ കാലഹരണകാലാവധി കണക്കാക്കുന്നതിൽ ആ വിക്രയം ദുർബലപ്പെടുത്തുവാനുള്ള ഒരു നടപടി നടത്തിക്കൊണ്ടിരുന്ന സമയം ഒഴിച്ചുനിറുത്തപ്പെടുന്നതാകുന്നു.

(5) ഏതെങ്കിലും വ്യവഹാരത്തിന് കാലഹരണകാലാവധി കണക്കാക്കുന്നതിൽ, പ്രതി ഇൻഡ്യയിലും, കേന്ദ്ര ഗവൺമെൻറിൻെറ ഭരണത്തിൻകീഴിലുള്ളതും ഇൻഡ്യയ്ക്ക് വെളിയിലുള്ളതുമായ രാജ്യക്ഷേത്രങ്ങളിലും ഇല്ലാതിരുന്ന സമയം ഒഴിച്ചുനിറുത്തപ്പെടുന്നതാകുന്നു.

16.- വ്യവഹാരപ്പെടുവാനുള്ള അവകാശം ഉള്ളതാകുമ്പോഴോ ഉദ്ഭൂതമാകുന്നതിനു മുമ്പോ മരിക്കുന്നതിൻെറ ഫലം.—(1) ഒരു വ്യവഹാരം ആരംഭിക്കുവാനോ ഒരു അപേക്ഷ ചെയ്യുവാനോ താൻ ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ അവകാശം ഉണ്ടാകുമായിരുന്ന ഒരാൾ, ആ അവകാശം ഉദ്ഭൂതമാകുന്നതിന് മുൻപ് മരിക്കുന്നിടത്തോ അല്ലെങ്കിൽ ഒരു വ്യവഹാരം ആരംഭിക്കുവാനോ ഒരു അപേക്ഷ ചെയ്യുവാനോ ഉള്ള അവകാശം ഒരാളുടെ മരണത്തോടെ മാത്രം ഉദ്ഭൂതമാകുന്നിടത്തോ, കാലഹരണകാലാവധി, അങ്ങനെയുള്ള വ്യവഹാരം ആരംഭിക്കുവാനോ അങ്ങനെയുള്ള അപേക്ഷ ചെയ്യുവാനോ സമർത്ഥതയുള്ള ഒരു നിയമാനുസൃത പ്രതിനിധി മരിച്ചുപോയ ആൾക്ക് ഉണ്ടാകുന്ന സമയം മുതൽ കണക്കാക്കപ്പെടുന്നതാകുന്നു.

(2) ആർക്കെതിരായാണോ, അയാൾ ജീവിച്ചിരിപ്പുണ്ടായിരുന്നുവെങ്കിൽ ഒരു വ്യവഹാരം ആരംഭിക്കുവാനോ ഒരു അപേക്ഷ ചെയ്യുവാനോ ഉള്ള അവകാശം ഉദ്ഭൂതമാകുമായിരുന്നത്, അങ്ങനെയുള്ള ആൾ ആ അവകാശം ഉദ്ഭൂതമാകുന്നതിന് മുൻപ് മരിക്കുന്നിടത്തോ, അല്ലെങ്കിൽ ഏതെങ്കിലും ആൾക്കെതിരായി ഒരു വ്യവഹാരം ആരംഭിക്കുവാനോ ഒരു അപേക്ഷ ചെയ്യുവാനോ ഉള്ള അവകാശം, അയാളുടെ മരണത്തോടെ മാത്രം ഉദ്ഭൂതമാകുന്നിടത്തോ, കാലഹരണകാലാവധി ആർക്കെതിരായാണോ അങ്ങനെയുള്ള വ്യവഹാരം ആരംഭിക്കുകയോ അങ്ങനെയുള്ള അപേക്ഷ ചെയ്യുകയോ ചെയ്യാവുന്നത്, അങ്ങനെയുള്ള ഒരു നിയമാനുസൃത പ്രതിനിധി മരിച്ചുപോയ ആൾക്ക് ഉണ്ടാകുന്ന സമയം മുതൽ കണക്കാക്കപ്പെടുന്നതാണ്.

(3) (1)-ാം ഉപവകുപ്പിലേയോ (2)-ാം ഉപവകുപ്പിലേയോ യാതൊന്നും അഗ്രക്രയാവകാശം ബലത്തിൽകൊണ്ടുവരുവാനുള്ള വ്യവഹാരങ്ങൾക്കോ സ്ഥാവരവസ്തുവിൻേറയോ പരമ്പരാഗതമായ സ്ഥാനത്തിൻേറയോ കൈവശത്തിനുള്ള വ്യവഹാരങ്ങൾക്കോ ബാധകമാകുന്നതല്ല.

17. വഞ്ചനയുടേയോ തെററിൻേറയോ ഫലം.—(1) ഈ ആക്ററിനാൽ കാലഹരണകാലാവധി നിർണ്ണയിക്കപ്പെടുന്ന ഏതെങ്കിലും വ്യവഹാരത്തിൻേറയോ അപേക്ഷയുടേയോ സംഗതിയിൽ,—

(ക) വ്യവഹാരമോ അപേക്ഷയോ പ്രതിയുടേയോ എതിർ കക്ഷിയുടേയോ അയാളുടെ ഏജൻറിൻേറയോ വഞ്ചനയിൽ അധിഷ്ഠിതമായിരിക്കുകയോ ; അല്ലെങ്കിൽ

(ഖ) ഒരു വ്യവഹാരത്തിന്നോ അപേക്ഷയ്ക്കോ അടിസ്ഥാനമായ അവകാശത്തേയോ ഉടമാവകാശത്തേയോ പററിയുള്ള അറിവ് മുൻപറഞ്ഞതുപാലെയുള്ള ഏതെങ്കിലും ആളുടെ വഞ്ചനയാൽ മറച്ചുവയ്ക്കപ്പെടുകയോ ; അല്ലെങ്കിൽ

(ഗ) വ്യവഹാരമോ അപേക്ഷയോ ഒരു തെററിൻെറ അനന്തരഫലങ്ങളിൽ നിന്നുള്ള നിവൃത്തിക്കുള്ളതായിരിക്കുകയോ ; അല്ലെങ്കിൽ

(ഘ) വാദിയുടേയോ അപേക്ഷകൻേറയോ അവകാശം സ്ഥാപിക്കുവാൻ ആവശ്യകമായ ഏതെങ്കിലും രേഖ അയാളിൽനിന്ന് വഞ്ചനാപൂർവ്വം ഒളിച്ചുവയ്ക്കുകയോ,

ചെയ്യുന്നിടത്ത്, വാദിയോ, അപേക്ഷകനോ ആ വഞ്ചനയോ തെററോ കണ്ടുപിടിക്കുകയോ വാദിക്കോ അപേക്ഷകനോ ന്യായമായ ശ്രദ്ധയാൽ അത് കണ്ടുപിടിക്കുവാൻ കഴിയുമായിരുന്നതുവരേയോ അല്ലെങ്കിൽ ഒളിച്ചുവയ്ക്കപ്പെട്ട ഒരു രേഖയുടെ സംഗതിയിൽ അത് ഹാജരാക്കുവാനോ ഹാജരാക്കുവാൻ നിർബന്ധിക്കുന്നതിനോ, വാദിക്കോ അപേക്ഷകനോ ആദ്യമായിമാർഗ്ഗമുണ്ടാകുന്നതുവരേയോ കാലഹരണകാലാവധി നീങ്ങുവാൻ തുടങ്ങുന്നതല്ല ;

എന്നാൽ ഈ വകുപ്പിലെ യാതൊന്നും—

(i) വഞ്ചനയുടെ സംഗതിയിൽ, വഞ്ചനയിൽ കക്ഷിയല്ലാതിരുന്നതും, ഏതെങ്കിലും വഞ്ചന ചെയ്തിട്ടുണ്ടായിരുന്നതായി ക്രയത്തിന്റെ സമയത്ത് അറിയുകയോ വിശ്വസിക്കുവാൻ കാരണമുണ്ടാകുകയോ ചെയ്യാതിരുന്നതുമായ ഒരാൾ മൂല്യമുള്ള പ്രതിഫലത്തിന് ക്രയം ചെയ്തിട്ടുള്ളതോ ; അല്ലെങ്കിൽ-

(ii) തെററിന്റെ സംഗതിയിൽ, തെററ് ചെയ്തിട്ടുണ്ടായിരുന്നതായി അറിയുകയോ വിശ്വസിക്കുവാൻ കാരണമുണ്ടാവുകയോ ചെയ്യാതിരുന്ന ഒരാൾ, തെററ് ചെയ്യപ്പെട്ട ഇടപാടിനുശേഷം മൂല്യമുള്ള പ്രതിഫലത്തിന് ക്രയം ചെയ്തിട്ടുള്ളതോ ; അല്ലെങ്കിൽ

(iii) ഒളിച്ചുവയ്ക്കപ്പെട്ട ഒരു രേഖയുടെ സംഗതിയിൽ, രേഖ ഒളിച്ചുവയ്ക്കലിൽ കക്ഷിയല്ലാതിരുന്നതും ആ രേഖ ഒളിച്ചുവച്ചിട്ടുണ്ടായിരുന്നതായി ക്രയത്തിന്റെ സമയത്ത് അറിയുകയോ വിശ്വസിക്കുവാൻ കാരണമുണ്ടാവുകയോ ചെയ്യാതിരുന്നതുമായ ഒരാൾ മൂല്യമുള്ള പ്രതിഫലത്തിന് ക്രയം ചെയ്തിട്ടുള്ളതോ,

ആയ ഏതെങ്കിലും വസ്തു കരസ്ഥമാക്കുവാനോ അതിനെതിരായുള്ള ഏതെങ്കിലും ചാർജ്ജ് ബലത്തിൽകൊണ്ടുവരാനോ അല്ലെങ്കിൽ ആ വസ്തു സംബന്ധിച്ചുള്ള ഏതെങ്കിലും ഇടപാടു ദുർബലപ്പെടുത്തുവാനോ ഉള്ള ഏതെങ്കിലും വ്യവഹാരം ആരംഭിക്കുവാനോ അപേക്ഷ ചെയ്യുവാനോ കഴിവുണ്ടാക്കുന്നതല്ല.

(2) കാലഹരണകാലാവധിക്കുള്ളിൽ ഒരു വിധിയുടേയോ ഉത്തരവിന്റേയോ നടത്തൽ ഒരു വിധിക്കടക്കാരൻ വഞ്ചനയാലോ, ബലപ്രയോഗത്താലോ തടഞ്ഞിട്ടുള്ളിടത്ത്, മേല്പറഞ്ഞ കാലാവധി അവസാനിച്ചതിനുശേഷം ചെയ്യുന്ന വിധിയുടമയുടെ അപേക്ഷയിൻമേൽ വിധിയോ ഉത്തരവോ നടത്താനുള്ള കാലാവധി നീട്ടിക്കൊടുക്കാവുന്നതാണ്:

എന്നാൽ, അതിന് അങ്ങനെയുള്ള അപേക്ഷ, അതതു സംഗതിപോലെ, വഞ്ചന കണ്ടുപിടിച്ചതോ ബലപ്രയോഗം അവസാനിച്ചതോ, ആയ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ ചെയ്തിരിക്കണം.

18. <u>ലിഖിതമായുള്ള സമ്മതത്തിന്റെ ഫലം</u>.—(1) ഏതെങ്കിലും വസ്തുവോ അവകാശമോ സംബന്ധിച്ചുള്ള ഒരു വ്യവഹാരത്തിന്നോ അപേക്ഷയ്ക്കോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി അവസാനിക്കുന്നതിനു മുമ്പായി, അങ്ങനെയുള്ള വസ്തുവോ അവകാശമോ സംബന്ധിച്ച ബാദ്ധ്യതയുടേയും, ആർക്കെതിരായാണോ അങ്ങനെയുള്ള വസ്തുവോ അവകാശമോ അവകാശപ്പെടുന്നത്, ആ കക്ഷിയോ അല്ലെങ്കിൽ ആരിലൂടെയാണോ അയാൾക്ക് തന്റെ ഉടമാവകാശമോ ബാദ്ധ്യതയോ സിദ്ധിക്കുന്നത്, അങ്ങനെയുള്ള ഏതെങ്കിലും ആളോ ഒപ്പിട്ടതും ആയ ലിഖിതമായ ഒരു സമ്മതം പ്രകടിപ്പിച്ചിട്ടുള്ളിടത്ത്, ആ സമ്മതത്തിൽ അപ്രകാരം ഒപ്പിട്ട സമയം മുതൽ പുതിയ ഒരു കാലഹരണ കാലാവധി കണക്കാക്കപ്പെടുന്നതാകുന്നു.

(2) സമ്മതം അടങ്ങിയ ലിഖിതം തീയതി വയ്ക്കാത്തതായിട്ടുള്ളിടത്ത്, അത് ഒപ്പിട്ട സമയത്തെക്കുറിച്ച് വാക്കാൽത്തെളിവ് നല്കാവുന്നതാണ്; എന്നാൽ, അതിന്റെ ഉള്ളടക്കത്തെപ്പററി വാക്കാൽത്തെളിവ് സ്വീകരിക്കാവുന്നതല്ല എന്നാൽ ഇത് ഇൻഡ്യൻ തെളിവ് ആക്ററ് 1872-നു വിധേയമായാട്ടാണ്.

വിശദീകരണം. ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) ഒരു സമ്മതം, അത് വസ്തുവിന്റേയോ അവകാശത്തിന്റേയോ യഥാർത്ഥമായ പ്രകൃതം വി നിർദ്ദേശിക്കാതിരിക്കുകയോ അല്ലെങ്കിൽ പണം കൊടുക്കുവാനോ ഡെലിവറിയ്ക്കോ നിർവ്വഹണത്തിനോ അനുഭവത്തിനോ സമയമായിട്ടില്ലെന്ന് പ്രസ്താവിക്കുകയോ അല്ലെങ്കിൽ അതിനെത്തുടർന്ന് പണം കൊടുക്കുന്നതിനോ ഡെലിവറിക്കോ നിർവ്വഹണത്തിനോ വിസമ്മതിക്കുകയോ അനുഭവത്തിന് അനുവദിക്കുകയോ ചെയ്യുകയോ അല്ലെങ്കിൽ അത് തട്ടിക്കിഴിക്കാനുള്ള ഒരു അവകാശവാദത്തോടു കൂട്ടിച്ചേർത്തതാവുകയോ അല്ലെങ്കിൽ വസ്തുവിനോ അവകാശത്തിനോ അവകാശപ്പെട്ട ആളല്ലാത്ത ഒരാളെ സംബോധനചെയ്തുകൊണ്ടുള്ളതാവുകയോ ചെയ്തതായിരുന്നാലും മതിയാകുന്നതും ;

(ഖ) ''ഒപ്പിട്ടത്'' എന്ന വാക്കിന് നേരിട്ട്, ഒപ്പിട്ടതോ ഇതിലേക്ക് മുറപ്രകാരം പ്രാധികാരം നല്കപ്പെട്ട ഒരു ഏജൻറ് ഒപ്പിട്ടതോ എന്ന് അർത്ഥമാകുന്നതും ;

(ഗ) ഒരു വിധിയുടെയോ ഉത്തരവിന്റേയോ നടത്തലിനുള്ള അപേക്ഷ ഏതെങ്കിലും വസ്തുവോ അവകാശമോ സംബന്ധിച്ച അപേക്ഷയായി കരുതപ്പെടുന്നതല്ലാത്തതും,
ആകുന്നു.

19. കടത്തിന്റേയോ ഒസ്യത്തു മുതലിൻമേലുള്ള പലിശയുടെയോ കണക്കിൽ പണംകൊടുക്കുന്നതിന്റെ ഫലം.—നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി അവസാനിക്കുന്നതിനു മുമ്പ് കടമോ ഒസ്യത്തുമുതൽ കൊടുക്കുവാൻ ബാദ്ധ്യതയുള്ള ആളോ, അയാളുടെ മുറപ്രകാരം പ്രാധികാരം നല്കപ്പെട്ടിട്ടുള്ള ഏജൻേറാ ഒരു കടത്തിന്റേയോ ഒരു ഒസ്യത്തു മുതലിൻമേലുള്ള പലിശയുടെയോ കണക്കിൽ പണം കൊടുത്തിട്ടുള്ളിടത്ത്, പണം കൊടുത്ത സമയം മുതൽ ഒരു പുതിയ കാലഹരണകാലാവധി കണക്കാക്കപ്പെടുന്നതാകുന്നു:

എന്നാൽ, അതിന് 1928 ജനുവരി 1-ാം ദിവസത്തിന് മുമ്പ് പലിശ കൊടുത്തിട്ടുള്ള സംഗതിയിലൊഴികെ, പണം കൊടുത്തുവെന്നതിന്റെ ഒരു സമ്മതം പണം കൊടുക്കുന്ന ആളുടെ കൈപ്പടയിലോ അയാൾ ഒപ്പിട്ട ഒരു ലിഖിതത്തിലോ കാണപ്പെടണം.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്,—

(ക) പണയഭൂമി, പണയഗൃഹീതാവിന്റെ കൈവശത്തിലായിരിക്കുന്നിടത്ത്, അങ്ങനെയുള്ള ഭൂമിയുടെ പാട്ടമോ ഉത്പന്നമോ കിട്ടുന്നത് പണം കൊടുക്കുന്നതായി കരുതപ്പെടുന്നതാകുന്നു:

(ഖ) ''കട''ത്തിൽ ഒരു കോടതിയുടെ വിധിയ്ക്കോ ഉത്തരവിനോ കീഴിൽ കൊടുക്കുവാനുള്ള പണം ഉൾപ്പെടുന്നില്ല.

20. മറെറാരാളുടെ സമ്മതത്തിന്റേയോ പണം കൊടുക്കലിന്റേയോ ഫലം.—(1) 18-ം, 19-ം വകുപ്പുകളിൽ ''മുറപ്രകാരം ഇതിലേയ്ക്ക് പ്രാധികാരം നല്കപ്പെട്ട ഏജൻറ്'' എന്ന പദത്തിൽ, അവശതയുള്ള ഒരാളുടെ സംഗതി

യിൽ അയാളുടെ നിയമാനുസൃത രക്ഷാകർത്താവോ, കമ്മിററിയോ, മാനേജരോ സമ്മതം ഒപ്പിടുവാനോ പണം കൊടുക്കുവാനോ അങ്ങനെയുള്ള രക്ഷാകർത്താവോ കമ്മിററിയോ മാനേജരോ മുറപ്രകാരം പ്രാധികാരം നല്കിയിട്ടുള്ള ഏജന്റോ ഉൾപ്പെടുന്നു.

(2) മുൻപറഞ്ഞ വകുപ്പുകളിലെ യാതൊന്നും, പല കൂട്ടു കോൺട്രാക്റ്റർമാരിലോ പങ്കാളികളിലോ എക്സിക്യൂട്ടർമാരിലോ പണയ ഗൃഹീതാക്കളിലോ ഒരാളെ, അവരിൽ മറേറതെങ്കിലും ആളോ ആളുകളോ അവരുടെ ഏജന്റോ ഒപ്പിട്ട ലിഖിതമായ ഒരു സമ്മതം ഉണ്ടെന്ന കാരണത്താൽ മാത്രമോ, അങ്ങനെയുള്ള ആരെങ്കിലും പണം കൊടുത്തിട്ടുണ്ടെന്ന കാരണത്താൽ മാത്രമോ, ഉത്തരവാദപ്പെടുത്താവുന്നവരാക്കുന്നില്ല.

(3) മുൻ പറഞ്ഞ വകുപ്പുകളുടെ ആവശ്യങ്ങൾക്ക്,—

(ക) ഏതെങ്കിലും ബാദ്ധ്യത സംബന്ധിച്ച് ഹിന്ദു നിയമത്താൽ അനുശാസിതനായ പരിമിതാവകാശമുള്ള ഏതെങ്കിലും വസ്തുഉടമസ്ഥനോ മുറപ്രകാരം പ്രാധികാരം നല്കപ്പെട്ട ആളുടെ ഏജന്റോ ഒപ്പിട്ട ഒരു സമ്മതമോ, അയാൾ പണം കൊടുക്കുന്നതോ ആ ബാദ്ധ്യത പിൻതുടർച്ചവഴി കിട്ടുന്ന ഒരു പ്രതിവർത്തനാവകാശിക്ക് എതിരായി, അതതു സംഗതിപോലെ, സാധുവായ ഒരു സമ്മതമോ പണം കൊടുക്കലോ ആയിരിക്കുന്നതും;

(ഖ) ഒരു ഹിന്ദു അവിഭക്തകുടുംബം എന്ന നിലയിൽ ആ കുടുംബമോ, ആ കുടുംബത്തിനുവേണ്ടിയോ ഒരു ബാദ്ധ്യത നേരിട്ടിട്ടുള്ളിടത്ത്, ആ കുടുംബത്തിലെ തൽസമയത്ത് മാനേജരോ അയാളുടെ മുറപ്രകാരം പ്രാധികാരം നല്കപ്പെട്ട ഏജന്റോ ഒപ്പിട്ട സമ്മതമോ അയാൾ പണം കൊടുക്കുന്നതോ മുഴുവൻ കുടുംബത്തിനും വേണ്ടിയുള്ളതായി കരുതപ്പെടുന്നതും, ആകുന്നു.

21. <u>പുതിയ വാദിയേയോ പ്രതിയേയോ പകരം ചേർക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നതിന്റെ ഫലം.</u>—(1) ഒരു വ്യവഹാരം ആരംഭിച്ചതിനുശേഷം, പുതിയ ഒരു വാദിയേയോ പ്രതിയേയോ പകരം ചേർക്കുകയോ കൂട്ടിച്ചേർക്കുകയോ ചെയ്യുന്നിടത്ത്, അയാളെ സംബന്ധിച്ച്, വ്യവഹാരം അയാളെ അപ്രകാരം കക്ഷിയാക്കിയപ്പോൾ ആരംഭിച്ചതായി കരുതപ്പെടുന്നതാകുന്നു:

എന്നാൽ, പുതിയ ഒരു വാദിയേയോ പ്രതിയേയോ ഉൾപ്പെടുത്താതിരുന്നത് ഉത്തമവിശ്വാസപൂർവ്വമായ ഒരു തെററുകൊണ്ടാണെന്ന് ബോദ്ധ്യപ്പെടുന്നിടത്ത്, കോടതിക്ക് അങ്ങനെയുള്ള വാദിയേയോ പ്രതിയേയോ സംബന്ധിച്ച് വ്യവഹാരം ഏതെങ്കിലും മുൻതീയതിയിൽ ആരംഭിച്ചതായി കരുതപ്പെടുന്നതാണെന്ന് നിദേശിക്കാവുന്നതാണ്,

(2) (1)-ാം ഉപവകുപ്പിലെ യാതൊന്നും, ഒരു വ്യവഹാരം നിലവിലിരിക്കെ ഏതെങ്കിലും അവകാശം തീറുകൊടുക്കുകയോ സംക്രമിക്കുകയോ ചെയ്യുന്നതു കാരണമായി ഒരു കക്ഷിയെ കൂട്ടിച്ചേർക്കുകയോ പകരം ചേർക്കുകയോ ചെയ്യുന്ന സംഗതിയ്ക്കോ, ഒരു വാദിയെ പ്രതിയാക്കുകയോ ഒരു പ്രതിയെ വാദിയാക്കുകയോ ചെയ്യുന്ന സംഗതിയ്ക്കോ ബാധകമാകുന്നതല്ല.

22. <u>തുടരുന്ന ലംഘനവും അപകൃത്യങ്ങളും.</u>—തുടരുന്ന കാൺട്രാക്റ്റ് ലംഘനത്തിന്റെ സംഗതിയിലോ, തുടരുന്ന അപകൃത്യത്തിന്റെ സംഗതിയിലോ, അതതു സംഗതിപോലെ, ലംഘനമോ, അപകൃത്യമോ, തുടരുന്ന സമയത്തിലെ ഓരോ നിമിഷവും ഒരു പുതിയ കാലഹരണകാലാവധി നീങ്ങാൻ തുടങ്ങുന്നതാണ്.

23. പ്രത്യേക നഷ്ടം കൂടാതെ നടപടി എടുക്കാവുന്നതല്ലാത്ത കൃത്യങ്ങൾക്ക് നഷ്ടപരിഹാരത്തിനുള്ള വ്യവഹാരങ്ങൾ.—ഏതു് കൃത്യമാണോ, അതിന്റെ ഫലമായി വല്ല പ്രത്യേകമായ ക്ഷതിയും യഥാർത്ഥമായി ഉണ്ടാകാത്തപക്ഷം, ഒരു വ്യവഹാരകാരണം നല്കാത്തത്, അങ്ങനെയുള്ള ഒരു കൃത്യത്തിന് നഷ്ടപരിഹാരം കിട്ടാനുള്ള ഒരു വ്യവഹാരത്തിന്റെ സംഗതിയിൽ കാലഹരണകാലാവധി, ആ ക്ഷതി ഉണ്ടാകുന്ന സമയം മുതൽ കണക്കാക്കപ്പെടുന്നതാകുന്നു.

24. പ്രമാണങ്ങളിൽ പറഞ്ഞിട്ടുള്ള സമയം കണക്കാക്കുന്നത്.—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് എല്ലാ പ്രമാണങ്ങളും ഗ്രിഗോറിയൻ കലണ്ടർ നോക്കി ഉണ്ടാക്കിയിട്ടുള്ളതായി കരുതപ്പെടുന്നതാകുന്നു.

## ഭാഗം IV

## കൈവശംവഴി ഉടമസ്ഥത ആർജ്ജിക്കുന്നത്

25. ചിരാനുഭവംവഴി സൗകര്യാവകാശങ്ങൾ ആർജ്ജിക്കുന്നത്.—(1) ഏതെങ്കിലും കെട്ടിടത്തിലേക്കോ കെട്ടിടത്തിനോ ഉള്ള വെളിച്ചത്തിന്റേയോ വായുവിന്റേയോ പ്രവേശനവും ഉപയോഗവും കെട്ടിടത്തോടൊപ്പം ഒരു സൗകര്യാവകാശമായും അവകാശം എന്ന നിലയ്ക്കും ഇടതടവില്ലാതെ ഇരുപതു വർഷം സമാധാനപരമായി അനുഭവിച്ചുകൊണ്ടിരുന്നിട്ടുള്ളിടത്തും, ഏതെങ്കിലും വഴിയോ ജലമാർഗ്ഗമോ ഏതെങ്കിലും ജലത്തിന്റെ ഉപയോഗമോ മറ്റേതെങ്കിലും സൗകര്യാവകാശമോ (സ്വീകാര്യാത്മകമോ നിഷേധാത്മകമോ ആയിരുന്നാലും)അതിന് ഉടമ അവകാശപ്പെടുന്ന ഏതെങ്കിലും ആൾ ഒരു സൗകര്യാവകാശമായും അവകാശം എന്ന നിലയ്ക്കും ഇടതടവില്ലാതെ ഇരുപതു വർഷം സമാധാനപരമായും പരസ്യമായും അനുഭവിച്ചുകൊണ്ടിരുന്നിടത്തും, വെളിച്ചത്തിന്റേയോ വായുവിന്റേയോ അങ്ങനെയുള്ള പ്രവേശനത്തിനോ ഉപയോഗത്തിനോ ജലമാർഗ്ഗത്തിനോ വഴിക്കോ ജലത്തിന്റെ ഉപയോഗത്തിനോ മററു സൗകര്യാവകാശത്തിനോ ഉള്ള അവകാശം, പരിപൂർണ്ണവും അജയ്യവും ആകുന്നതാണ്.

(2) മുൻപറഞ്ഞ ഓരോ ഇരുപതുവർഷക്കാലാവധികളിൽ ഓരോന്നും അങ്ങനെയുള്ള കാലാവധി ഏതു് അവകാശവാദത്തെ, സംബന്ധിക്കുന്നതാണോ, ആ അവകാശവാദം എതിർക്കപ്പെടുന്ന വ്യവഹാരം ആരംഭിക്കുന്നതിനു തൊട്ടു മുൻപുള്ള രണ്ടു വർഷത്തിനുള്ളിൽ അവസാനിക്കുന്ന ഒരു കാലാവധിയായി കണക്കാക്കപ്പെടുന്നതാണ്.

(3) ഏതു് വസ്തുവിൻമേലാണോ (1)-ാം ഉപവകുപ്പിൻകീഴിൽ അവകാശപ്പെടുന്നത്, ആ വസ്തു ഗവൺമെന്റിന്റെ വകയായിട്ടുള്ളിടത്ത്, ആ ഉപവകുപ്പ് "ഇരുപതു വർഷം" എന്ന വാക്കുകൾക്കു പകരം "മുപ്പതു വർഷം" എന്ന വാക്കുകൾ ചേർത്താലെന്നപോലെ വായിക്കപ്പെടേണ്ടതാകുന്നു.

വിശദീകരണം :—അവകാശവാദിയല്ലാത്ത ഏതെങ്കിലും ആളുടെ കൃത്യത്താലുള്ള തടസ്സം കാരണം കൈവശമോ അനുഭവമോ യഥാർത്ഥമായി വിച്ഛേദിക്കപ്പെടാത്തപക്ഷവും അങ്ങനെയുള്ള തടസ്സത്തിന് അതിനെക്കുറിച്ചും അതു് ഉണ്ടാക്കുകയോ അതു് ഉണ്ടാക്കാൻ പ്രാധികാരം നല്കുകയോ ചെയ്യുന്ന ആളെക്കുറിച്ചും അവകാശവാദിക്ക് നോട്ടീസ് ഉണ്ടായശേഷം ഒരു വർഷത്തേക്ക് വഴങ്ങിക്കൊടുക്കുകയോ വ്യംഗ്യമായി അംഗീകരിക്കുകയോ ചെയ്തിട്ടില്ലാത്തപക്ഷവും, ഈ വകുപ്പിന്റെ അർത്ഥത്തിൽ യാതൊന്നും ഇടതടവാകുന്നതല്ല.

26. വിധേയവസ്തുവിന്റെ പ്രതിവർത്തനാവകാശിക്ക് അനുകൂലമായ ഒഴിച്ചുനിറുത്തൽ.—ഏത് ഭൂമിയിൻമേലോ ഭൂമിയിലൂടെയോ ഭൂമിയിൽ നിന്നോ ജലത്തിൻമേലോ ജലത്തിലൂടെയോ ജലത്തിൽനിന്നോ ആണോ ഏതെങ്കിലും സൗകര്യാവകാശം അനുഭവിക്കുകയോ സിദ്ധിക്കുകയോ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും ഭൂമിയോ ജലമോ ആജീവനാന്തമുള്ളതോ, സൗകര്യാവകാശം നല്കപ്പെട്ടതു മുതൽ മൂന്നു വർഷത്തിൽ കവിഞ്ഞ കാലാവധിക്കുള്ളതോ ആയ ഏതെങ്കിലും അവകാശത്തിൻ കീഴിലോ അവകാശത്തിന്റെ ബലത്തിലോ കൈവശം വച്ചിട്ടുള്ളിടത്ത്, ഇരുപതു വർഷക്കാലാവധി കണക്കാക്കുന്നതിൽ, അങ്ങനെയുള്ള അവകാശമോ കാലാവധിയോ അവസാനിച്ചതിന്റെ ശേഷമുള്ള അടുത്ത മൂന്നു വർഷങ്ങൾക്കകം, അങ്ങനെ അവസാനിക്കുന്നതിൻമേൽ ആ ഭൂമിക്കോ ജലത്തിനോ അവകാശമുള്ള ആൾ അവകാശവാദം എതിർക്കുന്നതായാൽ അങ്ങനെയുള്ള അവകാശമോ കാലാവധിയോ തുടർന്നുകൊണ്ടിരിക്കുമ്പോൾ ആ സൗകര്യാവകാശം അനുഭവിക്കുന്ന കാലം ഒഴിവാക്കപ്പെടുന്നതാകുന്നു.

27. വസ്തുവിന്നുള്ള അവകാശം ഇല്ലാതാക്കുന്നത്.—ഏതെങ്കിലും വസ്തുവിന്റെ കൈവശത്തിനുള്ള ഒരു വ്യവഹാരം ആരംഭിക്കുന്നതിന് ഏതെങ്കിലും ആൾക്ക് ഇതിനാൽ ക്ലിപ്തപ്പെടുത്തിയിട്ടുള്ള കാലാവധി അവസാനിക്കുന്നതോടെ, ആ വസ്തുവിന് അയാൾക്കുള്ള അവകാശം ഇല്ലാതാകുന്നതാണ്.

## ഭാഗം V

## പലവക

28. ചില ആക്റ്റുകൾക്കുള്ള ഭേദഗതി.—ഇൻഡ്യൻ സൗകര്യാവകാശ ആക്റ്റ്, 1882 (1882-ലെ 5)-ലെ 15-ാം വകുപ്പിൽ, "അറുപതു വർഷം" എന്ന വാക്കുകൾക്കു പകരം "മുപ്പതു വർഷം" എന്ന വാക്കുകൾ ചേർക്കേണ്ടതും, സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ൽ 48-ാം വകുപ്പ് വിട്ടുകളയേണ്ടതും, ആകുന്നു.

29. ഒഴിവാക്കൽ.—(1) ഈ ആക്റ്റിലെ യാതൊന്നും, ഇൻഡ്യൻ കാൺട്രാക്റ്റ് ആക്റ്റ്, 1872 (1872-ലെ 9)-ലെ 25-ാം വകുപ്പിനെ ബാധിക്കുന്നതല്ല.

(2) ഏതെങ്കിലും വ്യവഹാരത്തിനോ അപ്പീലിനോ അപേക്ഷയ്ക്കോ, ഏതെങ്കിലും പ്രത്യേക നിയമമോ തദ്ദേശനിയമമോ പട്ടികയിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധിയിൽനിന്ന് വ്യത്യസ്തമായ ഒരു കാലഹരണകാലാവധി നിർണ്ണയിക്കുന്നിടത്ത്, ആ കാലാവധി പട്ടികയിൽ നിർണ്ണയിക്കപ്പെട്ട കാലാവധിയായിരുന്നാലെന്നപോലെ 3-ാം വകുപ്പിലെ വ്യവസ്ഥകൾ ബാധകമാകുന്നതും, ഏതെങ്കിലും വ്യവഹാരത്തിന്നോ അപ്പീലിന്നോ അപേക്ഷയ്ക്കോ ഏതെങ്കിലും പ്രത്യേക നിയമത്താലോ പ്രാദേശിക നിയമത്താലോ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഏതെങ്കിലും കാലഹരണകാലാവധി നിശ്ചയിക്കുന്നതിലേക്ക് 4 മുതൽ 24 വരെ (ഉൾപ്പെടെ) യുള്ള വകുപ്പുകളിൽ അടങ്ങിയ വ്യവസ്ഥകൾ അങ്ങനെയുള്ള പ്രത്യേക നിയമത്താലോ പ്രാദേശിക നിയമത്താലോ പ്രകടമായി ഒഴിവാക്കപ്പെടാതിരിക്കുന്നിടത്തോളവും ഒഴിവാക്കപ്പെടാത്തിടത്തോളവും മാത്രം ബാധകമാകുന്നതും ആണ്.

(3) ഈ ആക്റ്റിലെ യാതൊന്നും വിവാഹവും വിവാഹമോചനവും സംബന്ധിച്ച് തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിൽ മററു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പോലെയല്ലാതെ, അങ്ങനെയുള്ള ഏതെങ്കിലും നിയമത്തിൻ കീഴിലുള്ള ഏതെങ്കിലും വ്യവഹാരത്തിന്നോ മററു നടപടിക്കോ ബാധകമാകുന്നതല്ല.

(4) 25-ം 26-ം വകുപ്പുകളും 2-ാം വകുപ്പിലെ ''സൗകര്യാവകാശം'' എന്നതിന്റെ നിർവ്വചനവും ഇൻഡ്യൻ സൗകര്യാവകാശ ആക്ററ്, 1882 (1882-ലെ 5) തൽസമയം വ്യാപിക്കുന്ന രാജ്യക്ഷേത്രങ്ങളിൽ ഉദ്ഭവിക്കുന്ന കേസുകൾക്ക് ബാധകമാകുന്നതല്ല.

30. ഇൻഡ്യൻ കാലഹരണ ആക്ററ്, 1908-ൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലഹരണ കാലാവധിയേക്കാൾ കുറഞ്ഞ കാലഹരണ കാലാവധിയുള്ള വ്യവഹാരങ്ങൾക്കും മററുമുള്ള വ്യവസ്ഥ.—ഈ ആക്ററിൽ എന്തുതന്നെ അടങ്ങിയിരുന്നാലും,—

(ക) ഇൻഡ്യൻ കാലഹരണ ആക്ററ്, 1908-ൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലഹരണ കാലാവധിയേക്കാൾ കുറഞ്ഞ കാലഹരണ കാലാവധിയുള്ള ഏതെങ്കിലും വ്യവഹാരം ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം അടുത്ത ഏഴു വർഷക്കാലാവധിയോ ഇൻഡ്യൻ കാലഹരണ ആക്ററ്, 1908-നാൽ അങ്ങനെയുള്ള വ്യവഹാരത്തിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധിയോ, ഏതാണോ ആദ്യം അവസാനിക്കുന്നത്, അതിനുള്ളിൽ ആരംഭിക്കാവുന്നതാണ് ;

എന്നാൽ, അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരം സംബന്ധിച്ച് മേൽ പറഞ്ഞ ഏഴുവർഷക്കാലാവധി ഇൻഡ്യൻ കാലഹരണ ആക്ററ്, 1908-ൻ കീഴിൽ നിർണ്ണയിക്കപ്പെട്ട കാലഹരണകാലാവധിയേക്കാൾ മുമ്പേ അവസാനിക്കുകയും മേല്പറഞ്ഞ ഏഴുവർഷ കാലാവധിയും അങ്ങനെയുള്ള വ്യവഹാരം സംബന്ധിച്ചുള്ള ഇൻഡ്യൻ കാലഹരണ ആക്ററിൻകീഴിലെ കാലഹരണകാലാവധിയിൽ ഈ ആക്ററിന്റെ പ്രാരംഭത്തിനുമുമ്പ് കഴിഞ്ഞുപോയിട്ടുള്ളിടത്തോളവും ചേർന്നാൽ അങ്ങനെയുള്ള വ്യവഹാരത്തിന് ഈ ആക്ററിൻകീഴിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധിയിലും കുറഞ്ഞിരിക്കുകയും ചെയ്യുന്നുവെങ്കിൽ, ആ വ്യവഹാരം, അതിന് ഈ ആക്ററിൻകീഴിൽ നിർണ്ണയിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ ആരംഭിക്കാവുന്നതാണ്.

(ഖ) ഇൻഡ്യൻ കാലഹരണ ആക്ററ്, 1908-നാൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലഹരണ കാലാവധിയേക്കാൾ കുറഞ്ഞ കാലഹരണ കാലാവധിയുള്ള ഏതെങ്കിലും അപ്പീലോ അപേക്ഷയോ, ഈ ആക്ററിന്റെ പ്രാരംഭത്തിനുശേഷം തൊട്ടടുത്ത തൊണ്ണൂറു ദിവസക്കാലാവധിയോ, അങ്ങനെയുള്ള അപ്പീലിന്നോ അപേക്ഷയ്ക്കോ ഇൻഡ്യൻ കാലഹരണ ആക്ററ്, 1908-നാൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധിയോ, ഏതാണോ ആദ്യം അവസാനിക്കുന്നത്, അതിനുള്ളിൽ, സമർപ്പിക്കുകയോ, ചെയ്യുകയോ ചെയ്യാവുന്നതാണ്.

31. തുടസ്സം ഉള്ളതോ നിലവിലുള്ളതോ ആയ വ്യവഹാരങ്ങളെയും മററും സംബന്ധിച്ച വ്യവസ്ഥകൾ.—ഈ ആക്ററിലെ യാതൊന്നും,—

(ക) ഏതു വ്യവഹാരത്തിനോ, അപ്പീലിനോ, അപേക്ഷയ്ക്കോ ഉള്ള ഇൻഡ്യൻ കാലഹരണ ആക്ററ്, 1908-നാൽ നിർണ്ണയിക്കപ്പെട്ട കാലഹരണ കാലാവധിയാണോ ഈ ആക്ററിന്റെ പ്രാരംഭത്തിനുമുമ്പ് അവസാനിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും വ്യവഹാരമോ അപ്പീലോ അപേക്ഷയോ ആരംഭിക്കാനോ സമർപ്പിക്കാനോ ചെയ്യുവാനോ കഴിവുണ്ടാക്കുകയോ; അല്ലെങ്കിൽ

(ഖ) അങ്ങനെയുള്ള പ്രാരംഭത്തിനു മുമ്പ് ആരംഭിക്കുകയോ സമർപ്പിക്കുകയോ ചെയ്യുകയോ ചെയ്തതും, അങ്ങനെയുള്ള പ്രാരംഭത്തിൽ നിലവിലുള്ളതും ആയ ഏതെങ്കിലും വ്യവഹാരത്തേയോ അപ്പീലിനേയോ അപേക്ഷയേയോ ബാധിക്കുകയോ ചെയ്യുന്നതല്ല.

32. റദ്ദാക്കൽ.—ഇൻഡ്യൻ കാലഹരണ ആക്ററ്, 1908 ഇതിനാൽ റദ്ദാക്കപ്പെട്ടിരിക്കുന്നു.

3/2637/V.

പട്ടിക

## കാലഹരണകാലാവധി

[2 (ത്സ) യും 3-ം വകുപ്പുകരം നോക്കുക]

### ഒന്നാം വിഭാഗം—വ്യവഹാരങ്ങരം

| | വ്യവഹാരത്തിൻെറ വിവരണം | കാലഹരണകാലാവധി | കാലാവധി നീങ്ങാൻ തുടങ്ങുന്ന സമയം |
|---|---|---|---|
| | ഭാഗം I കണക്കുകരം സംബന്ധിച്ച വ്യവഹാരങ്ങരം | | |
| 1 | പരസ്പരമുള്ളതും അവസാനിപ്പിക്കാത്തതും നടപ്പിലുള്ളതുമായ ഒരു കണക്കുപ്രകാരം കിട്ടാനുള്ള ബാക്കിക്ക്, കക്ഷികരം തമ്മിൽ പരസ്പരമായ ആവശ്യപ്പെടലുകരം ഉണ്ടായിട്ടുള്ളിടത്ത്. | മൂന്നു വർഷം | സമ്മതിച്ചതോ തെളിയിച്ചതോ ആയ ഒടുവിലത്തെ ഇനം കണക്കിൽ ഉരംക്കൊള്ളിച്ച വർഷത്തിൻെറ അവസാനം ; അങ്ങനെയുള്ള വർഷം കണക്കിലേതുപോലെ കണക്കാക്കേണ്ടതാണ്. |
| 2 | ഒരു ഫ്യാക്ററർക്ക് എതിരായ ഒരു കണക്കിന്. | മൂന്നു വർഷം | ഏജൻസി തുടരുന്ന സമയത്ത് കണക്ക ആവശ്യപ്പെടുകയും നിരസിക്കുകയും ചെയ്യുമ്പോരം, അല്ലെങ്കിൽ, അങ്ങനെ ആവശ്യപ്പെടൽ ഉണ്ടായിട്ടില്ലാത്തിടത്ത്, ഏജൻസി പര്യവസാനിക്കുമ്പോരം. |
| 3 | ഏജൻറിന് കിട്ടിയിട്ടുള്ളതും കണക്ക് പറയാത്തതുമായ ജംഗമവസ്തുവിന് ഏജൻറിന് എതിരായി പ്രിൻസിപ്പിലിനാലുള്ളത്. | മൂന്നു വർഷം | ഏജൻസി തുടരുന്ന സമയത്ത് കണക്ക് ആവശ്യപ്പെടുകയും നിരസിക്കുകയും ചെയ്യുമ്പോരം, അല്ലെങ്കിൽ അങ്ങനെ ആവശ്യപ്പെടൽ ഉണ്ടായിട്ടില്ലാത്തിടത്ത്, ഏജൻസി പര്യവസാനിക്കുമ്പോരം. |
| 4 | ഉപേക്ഷയ്ക്കോ നടപടിദൂഷ്യത്തിനോ ഏജൻറുമാർക്കെതിരായി പ്രിൻസിപ്പലിൻമാരാലുള്ള മററ് വ്യവഹാരങ്ങരം. | മൂന്നു വർഷം | ഉപേക്ഷയോ നടപടി ദൂഷ്യമോ വാദിയുടെ അറിവിൽ പെടുമ്പോരം. |

| | | |
|---|---|---|
| | | വിഘടനത്തീയതി. |
| 5 വിഘടിതമായ ഒരു പങ്കാളിത്തത്തിന്റെ കണക്കിനും ലാഭത്തിന്റെ ഓഹരിക്കു മുള്ളത്. | മൂന്നു വർഷം | |

## ഭാഗം II

### കാൺട്രാക്റ്റുകൾ സംബന്ധിച്ച വ്യവഹാരങ്ങൾ

| | | |
|---|---|---|
| 6 ഒരു നാവികന്റെ കൂലിയ്ക്ക്. | മൂന്നു വർഷം | കൂലി ആർജ്ജിക്കപ്പെട്ട കടൽ യാത്രയുടെ അവസാനം. |
| 7 മറേറതെങ്കിലും ആളുടെ സംഗതിയിൽ കൂലിയ്ക്ക്. | മൂന്നു വർഷം | കൂലി കിട്ടാനുള്ളതായിത്തീരുമ്പോൾ. |
| 8 ഒരു ഹോട്ടലിൻേറയോ തവാണ്ണയു ടേയോ ലാഡ്ജിൻേറയോ സൂക്ഷിപ്പു കാരൻ വിററ ഭക്ഷണത്തിൻേറയോ പാനീയത്തിന്റെയോ വിലയ്ക്ക്. | മൂന്നു വർഷം | ഭക്ഷണമോ പാനീയമോ നൽകുമ്പോൾ. |
| 9 താമസത്തിനുള്ള വാടകയ്ക്ക്. | മൂന്നു വർഷം | വാടക കൊടുക്കുവാൻ ഉള്ളതായിത്തീരുമ്പോൾ. |
| 10 ഒരു ക്യാരിയർക്കെതിരായി, സാമാനങ്ങൾ നഷ്ടപ്പെടുന്നതിനോ അവയ്ക്ക് നഷ്ട ക്ഷതിവരുത്തുന്നതിനോ ഉള്ള നഷ്ട പരിഹാരത്തിന്. | മൂന്നു വർഷം | നഷ്ടമോ ക്ഷതിയോ സംഭവിക്കുമ്പോൾ. |
| 11 ഒരു ക്യാരിയർക്കെതിരായി, സാമാനങ്ങൾ ഡെലിവർ ചെയ്യാത്തതിനോ ഡലിവർ ചെയ്യുന്നതിനുള്ള കാലതാമസത്തിനോ ഉള്ള നഷ്ടപരിഹാരത്തിന്. | മൂന്നു വർഷം | സാമാനങ്ങൾ ഡെലിവർ ചെയ്യേണ്ടതായി രുന്നപ്പോൾ. |
| 12 മൃഗങ്ങളുടേയോ വാഹനങ്ങളുടേയോ ബോട്ടുകളുടേയോ വീട്ടിലേയ്ക്കുള്ള ഫർണിച്ചറിന്റെയോ വാടകയ്ക്ക്. | മൂന്നു വർഷം | വാടക കൊടുക്കാൻ ഉള്ളതായിത്തീരുമ്പോൾ. |

| | | | |
|---|---|---|---|
| 13 | ഡെലിവർ ചെയ്യാനുള്ള സാമാനങ്ങൾക്ക് മുൻകൂറായി കൊടുത്ത പണത്തിന്റെ ബാക്കിക്ക്. | മൂന്നു വർഷം | സാമാനങ്ങൾ ഡെലിവർ ചെയ്യേണ്ടതായിരുന്നപ്പോൾ. |
| 14 | വിലയ്ക്കുകയും ഡെലിവർ ചെയ്യുകയും ചെയ്ത സാമാനങ്ങളുടെ വിലയ്ക്ക്, കടത്തിന് നിശ്ചിത കാലാവധി ഒന്നും കരാർ ചെയ്തിട്ടില്ലാത്തിടത്ത്. | മൂന്നു വർഷം | സാമാനങ്ങളുടെ ഡെലിവറിയുടെ തീയതി. |
| 15 | വിലയ്ക്കുകയും ഡെലിവർ ചെയ്യുകയും ചെയ്തതും, കടത്തിനുള്ള ഒരുനിശ്ചിത കാലാവധി അവസനിച്ചതിനുശേഷം പണം കൊടുക്കാനുള്ളതുമായ സാമാനങ്ങളുടെ വിലയ്ക്ക്. | മൂന്നു വർഷം | കടത്തിനുള്ള കാലാവധി അവസാനിക്കുമ്പോൾ. |
| 16 | വിലയ്ക്കുകയും ഡെലിവർ ചെയ്യുകയും ചെയ്തതും വിനിമയപത്രം വഴി പണം കൊടുക്കാനുള്ളതുമായ സാമാനങ്ങളുടെ വിലയ്ക്ക്, അങ്ങനെ വിനിമയപത്രം നല്കാതിരിക്കേ. | മൂന്നു വർഷം | നിർദ്ദേശിക്കപ്പെട്ട വിനിമയപത്രത്തിന്റെ കാലാവധി കഴിയുമ്പോൾ. |
| 17 | വാദി പ്രതിക്ക് വിററ വൃക്ഷങ്ങളുടേയോ വളരുന്ന വിളയുടേയോ വിലയ്ക്ക്, കടത്തിന് നിശ്ചിത കാലാവധി ഒന്നും കരാർ ചെയ്തിട്ടില്ലാത്തിടത്തു. | മൂന്നു വർഷം | വില്പനത്തിയതി. |
| 18 | പ്രതിയുടെ അപേക്ഷ പ്രകാരം അയാൾക്കുവേണ്ടി വാദി ചെയ്ത പണിയുടെ വേതനത്തിന്, പണം കൊടുക്കലിനുള്ള സമയം നിശ്ചയിച്ചിട്ടില്ലാത്തിടത്ത്. | മൂന്നു വർഷം | പണി കഴിയുമ്പോൾ. |
| 19 | കടം കൊടുത്ത പണം സംബന്ധിച്ച് കിട്ടാനുള്ള പണത്തിന്. | മൂന്നു വർഷം | കടം കൊടുക്കുമ്പോൾ. |

| | | | |
|---|---|---|---|
| 20. | അതുപോലെയുള്ള ഒരു വ്യവഹാരത്തിന്, കടം കൊടുക്കുന്ന ആരം പണത്തിന് ചെക്ക് കൊടുത്തിട്ടുള്ളപ്പോൾ. | മൂന്നു വർഷം | ചെക്കിൻെറ പണം കൊടുക്കുമ്പോൾ. |
| 21. | ആവശ്യപ്പെടുമ്പോൾ കൊടുക്കേണ്ടതാണെന്ന കരാറിൻകീഴിൽ കടം കൊടുത്തിട്ടുള്ള പണത്തിന്. | മൂന്നു വർഷം | കടം കൊടുക്കുമ്പോൾ. |
| 22. | ആവശ്യപ്പെടുമ്പോൾ കൊടുക്കേണ്ടതാണെന്ന കരാറിൻകീഴിൽ ഡിപ്പോസിററ് ചെയ്യുന്ന പണത്തിന്, അങ്ങനെ കൊടുക്കേണ്ടതായ പതിവുകാരൻെറ പണം ബാങ്കറുടെ കൈവശമുള്ളതു ഉൾപ്പെടെ. | മൂന്നു വർഷം | ആവശ്യപ്പെടുമ്പോൾ. |
| 23. | പ്രതിക്കുവേണ്ടി കൊടുത്ത പണത്തിന് വാദിക്ക് കൊടുക്കേണ്ട പണത്തിന്. | മൂന്നു വർഷം | പണം കൊടുക്കുമ്പോൾ. |
| 24. | വാദിയുടെ ഉപയോഗത്തിനായി, പ്രതിക്കുകിട്ടിയിട്ടുള്ള പണം സംബന്ധിച്ച് വാദിക്ക് പ്രതി കൊടുക്കേണ്ട പണത്തിന്. | മൂന്നു വർഷം | പണം കിട്ടുമ്പോൾ. |
| 25. | പ്രതിയിൽനിന്ന് വാദിക്ക് കിട്ടാനുള്ള പണത്തിന്മേൽ പലിശയായി കൊടുക്കേണ്ട പണത്തിന്. | മൂന്നു വർഷം | പലിശ കിട്ടാനുള്ളതായിത്തീരുമ്പോൾ. |
| 26. | വാദിയും പ്രതിയും തമ്മിൽ പ്രസ്താവിതമായ കണക്കിന്മേൽ പ്രതിയിൽനിന്ന് വാദിക്ക് കിട്ടാനുള്ളതായി കാണപ്പെടുന്ന പണംസംബന്ധിച്ച് വാദിക്ക് കൊടുക്കാനുള്ള പണം. | മൂന്നു വർഷം | പ്രതിയോ, അയാളോ, ഇതിലേക്കു മുറപ്രകാരം പ്രാധികാരം നല്കിയ ഏജൻേറാ ഒപ്പിട്ട ലിഖിതത്തിൽ കണക്കു പ്രസ്താവിക്കപ്പെടുമ്പോൾ, കടം അതേസമത്ത് ഉള്ള മുൻപറഞ്ഞവിധം ഒപ്പിട്ട ലിഖിതമായ ഒരു കരാറിൽ ഭാവിയിൽ ഒരു സമയത്ത് കൊടുക്കാനുള്ളതാക്കിയിട്ടില്ലാത്തപക്ഷവും അങ്ങനെയാക്കുന്നപക്ഷം, ആ സമയം വരുമ്പോഴും. |

| | | | |
|---|---|---|---|
| 27. | വിനിർദ്ദിഷ്ടമായ ഒരു സമയത്തോ വിനിർദ്ദിഷ്ടമായ ഒരു അനിശ്ചിത സംഭവം ഉണ്ടാകുമ്പോഴോ എന്തെങ്കിലും ചെയ്യാനുള്ള ഒരു വാഗ്ദാനത്തിൻെറ ലംഘനത്തിനുള്ള നഷ്ടപരിഹാരത്തിന്. | മൂന്നു വർഷം | വിനിർദ്ദിഷ്ടമായ ആ സമയം വരുമ്പോഴോ അനിശ്ചിതസംഭവം ഉണ്ടാകുമ്പോഴോ. |
| 28. | ഒരു നിരുപാധിക ബോണ്ടിന്മേൽ, പണം കൊടുക്കാൻ ദിവസം വിനിർദ്ദേശിച്ചിട്ടുള്ളിടത്ത്. | മൂന്നു വർഷം | ദിവസം വിനിർദ്ദേശിച്ചിട്ടുള്ളിടത്ത്. |
| 29. | ഒരുനിരുപാധിക ബാണ്ടിന്മേൽ, അങ്ങനെ ദിവസം വിനിർദ്ദേശിച്ചിട്ടില്ലാത്തിടത്ത്. | മൂന്നു വർഷം | ബാണ്ട് ഒപ്പിട്ട് പൂർത്തീകരിക്കുന്ന ദിവസം. |
| 30. | ഒരു ഉപാധിക്ക് വിധേയമായ ബാണ്ടിന്മേൽ. | മൂന്നു വർഷം | ഉപാധി ലംഘിക്കപ്പെടുമ്പോൾ. |
| 31. | പ്രമാണത്തീയതിക്ക് ശേഷമുള്ള ഒരു നിശ്ചിത സമയത്ത് പണം കൊടുക്കാനുള്ള ഒരു വിനിമയ പത്രത്തിന്മേലോ പ്രോനോട്ടിന്മേലോ. | മൂന്നു വർഷം | വിനിമയപത്രത്തിന്മേലോ പ്രോനോട്ടിന്മേലോ അതിൻെറ പണം കൊടുക്കേണ്ട സമയം എത്തുമ്പോൾ. |
| 32. | കാണുമ്പോഴോ കണ്ടതിനുശേഷമോ, എന്നാൽ നിശ്ചിതമായ സമയത്തല്ലാതെ പണം കൊടുക്കേണ്ട ഒരു വിനിമയപത്രത്തിന്മേൽ. | മൂന്നു വർഷം | വിനിമയപത്രം പ്രസൻറ് ചെയ്യുമ്പോൾ. |
| 33. | ഒരു പ്രത്യേക സ്ഥലത്ത് വച്ച് പണം കൊടുക്കേണ്ടതായിട്ട് പ്രതിഗ്രഹിച്ചിട്ടുള്ള ഒരു വിനിമയപത്രത്തിന്മേൽ. | മൂന്നു വർഷം | വിനിമയപത്രം ആ സ്ഥലത്തുവച്ച് പ്രസൻറ് ചെയ്യുമ്പോൾ. |

| | | | |
|---|---|---|---|
| 34. | കണ്ടതിനുശേഷമോ ആവശ്യപ്പെട്ടതിനു ശേഷമോ ഒരു നിശ്ചിത സമയത്ത് പണം കൊടുക്കേണ്ട ഒരു വിനിമയപത്രത്തിന്മേലോ പ്രോനോട്ടിന്മേലോ. | മൂന്നു വർഷം | നിശ്ചിതസമയം അവസാനിക്കുമ്പോൾ. |
| 35. | ആവശ്യപ്പെടുമ്പോൾ പണം കൊടുക്കേണ്ടതും വ്യവഹാരപ്പെടാനുള്ള അവകാശം തടസ്സപ്പെടുത്തുകയോ നീട്ടിവയ്ക്കുകയോ ചെയ്യുന്ന ഏതെങ്കിലും ലിഖിതത്തോടുകൂടെയുള്ളതല്ലാത്തതുമായ ഒരു വിനിമയപത്രത്തിന്മേലോ പ്രോനോട്ടിന്മേലോ. | മൂന്നു വർഷം | വിനിമയപത്രത്തിന്റേയോ പ്രോനോട്ടിന്റേയോ തീയതി. |
| 36. | തവണകളായി പണം കൊടുക്കേണ്ട ഒരു പ്രോനോട്ടിന്മേലോ ബാണ്ടിന്മേലോ. | മൂന്നു വർഷം | പണംകൊടുക്കേണ്ട ആദ്യത്തെ അവധി അവസാനിക്കുമ്പോൾ,— അപ്പോൾ കൊടുക്കേണ്ട ഭാഗം പണം സംബന്ധിച്ച്; മററു ഭാഗങ്ങൾക്ക് പണം കൊടുക്കേണ്ട യഥാക്രമമുള്ള അവധികൾ അവസാനിക്കുമ്പോൾ. |
| 37. | തവണകളായി പണം കൊടുക്കേണ്ടതും ഒന്നോ അതിലധികമോ തവണകളുടെ പണം കൊടുക്കുവാൻ വീഴ്ചവരുത്തിയാൽ മുഴുവൻ പണവും കൊടുക്കാനുള്ളതായിത്തീരുന്നതാണെന്ന് വ്യവസ്ഥചെയ്യുന്നതും ആയ ഒരു പ്രോനോട്ടിന്മേലോ ബാണ്ടിന്മേലോ. | മൂന്നു വർഷം | വീഴ്ചവരുത്തുമ്പോൾ, ആദാതാവോ, കടപ്പാട് ആരോടാണോ, അയാളോ, ആ വ്യവസ്ഥയുടെ ആനുകൂല്യം വേണ്ടെന്നുവയ്ക്കാത്തപക്ഷവും അങ്ങനെ വേണ്ടെന്നു വയ്ക്കുന്നപക്ഷം അങ്ങനെ വേണ്ടെന്നു വയ്ക്കലില്ലാത്ത ഒരു പുതിയ വീഴ്ചവരുത്തുമ്പോഴും. |
| 38. | ഒരു നിശ്ചിത സംഭവം ഉണ്ടായതിനുശേഷം ആദാതാവിന് ഡെലിവർ ചെയ്യുവാനായി എഴുതിക്കൊടുക്കുന്ന ആൾ മൂന്നാമന് നല്കുന്ന പ്രോനോട്ടിന്മേൽ | മൂന്നുവർഷം | ആദാതാവിന് ഡെലിവർ ചെയ്യുന്ന തീയതി. |

| | | | |
|---|---|---|---|
| 39. | പ്രൊട്ടെസ്ററ് കുറിക്കുകയും നോട്ടീസ് നല്കുകയും ചെയ്തിട്ടുള്ളിടത്ത്, അനാദരിക്കപ്പെട്ട ഒരു വിദേശ വിനിമയപത്രത്തിന്മേൽ. | മൂന്നു വർഷം | നോട്ടീസ് നല്കുമ്പോൾ. |
| 40. | പ്രതിഗ്രഹിക്കാത്തതിനാൽ അനാദരിക്കപ്പെട്ട ഒരു വിനിമയപത്രത്തിന്റെ ഡ്രായർക്കെതിരായി ആദാതാവിനാൽ. | മൂന്നു വർഷം | പ്രതിഗ്രഹിക്കാൻ വിസമ്മതിക്കുന്നതീയതി |
| 41. | സൗകര്യത്തിനുവേണ്ടിയുള്ള ഒരു വിനിമയപത്രത്തിന്റെ ഡ്രായർക്കെതിരായി പ്രതിഗ്രഹീതാവിനാൽ. | മൂന്നു വർഷം | പ്രതിഗൃഹീതാവ് വിനിമയപത്രത്തിന്റെ തുക കൊടുക്കുമ്പോൾ. |
| 42. | മൂല അധമർണ്ണനെതിരായി ജാമ്യക്കാരനാൽ. | മൂന്നു വർഷം | ജാമ്യക്കാരൻ ഉത്തമർണ്ണന് പണം കൊടുക്കുമ്പോൾ. |
| 43. | കൂട്ടുജാമ്യക്കാരനെതിരായി ഒരു ജാമ്യക്കാരനാൽ. | മൂന്നു വർഷം | ജാമ്യക്കാരൻ സ്വന്തം ഓഹരിയിൽ കവിഞ്ഞ വല്ല പണവും കൊടുക്കുമ്പോൾ. |
| 44. | (ക) ഇൻഷ്വറൻസ് പാളിസിയിൻമേൽ, ഇൻഷ്വർ ചെയ്ത തുക മരണത്തെപ്പററിയുള്ള തെളിവ് ഇൻഷ്വറൻസുകാർക്ക് കൊടുക്കുകയോ കിട്ടുകയോ ചെയ്തതിനു ശേഷം കൊടുക്കേണ്ടതായുള്ളപ്പോൾ. | മൂന്നു വർഷം | മരിച്ചുപോയ ആളുടെ മരണത്തീയതി ; അല്ലെങ്കിൽ പാളിസിയിൻമേലുള്ള അവകാശം ഭാഗികമായോ മുഴുവനുമായോ നിഷേധിക്കപ്പെടുന്നിടത്ത്, അങ്ങനെയുള്ള നിഷേധത്തിന്റെ തീയതി. |
| | (ഖ) ഇൻഷ്വറൻസ് പാളിസിയിൻമേൽ, ഇൻഷ്വർചെയ്ത തുക നഷ്ടത്തെക്കുറിച്ചുള്ള തെളിവ് ഇൻഷ്വറൻസുകാർക്ക് കൊടുക്കുകയോ കിട്ടുകയോ ചെയ്തതിനുശേഷം കൊടുക്കേണ്ടതായുള്ളപ്പോൾ | മൂന്നു വർഷം | നഷ്ടം ഉണ്ടാക്കിയ സംഭവത്തിന്റെ തീയതി; അല്ലെങ്കിൽ പാളിസിയിൻമേലുള്ള അവകാശം ഭാഗികമായോ മുഴുവനുമായോ നിഷേധിക്കപ്പെടുന്നിടത്ത്, അങ്ങനെയുള്ള നിഷേധത്തിന്റെ തീയതി. |
| 45. | ഇൻഷ്വറൻസുകാർക്ക് ശൂന്യമാക്കാൻ വരിക്കാവുന്ന ഒരു പാളിസിയിൻ കീഴിൽ കൊടുത്ത പ്രീമിയം വസൂലാക്കുവാൻ, ഇൻഷ്വറൻസെടുത്ത ആളാൽ. | മൂന്നു വർഷം | ഇൻഷ്വറൻസുകാർ പാളിസി ശൂന്യമാക്കാൻ. വരിക്കുമ്പോൾ. |

| | | | |
|---|---|---|---|
| 46. | ആർക്കാണോ, ഒരു എക്സിക്യൂട്ടറോ അഡ്മിനിസ്ട്രേറ്ററോ ഒസ്യത്തു മുതലിന്റെ പണം കൊടുക്കുകയോ ആസ്തി വിതരണം ചെയ്യുകയോ ചെയ്തിട്ടുള്ളത്, അയാളെ അത് മടക്കിക്കൊടുക്കുവാൻ നിർബന്ധിക്കുന്നതിന് ഇൻഡ്യൻ പിൻതുടർച്ച ആക്ട്, 1925-ലെ 360-ാം വകുപ്പിനോ 361-ാം വകുപ്പിനോ കീഴിൽ. | മൂന്നു വർഷം | പണം കൊടുത്തതിന്റെയോ വിതരണത്തിന്റേയോ തീയതി. |
| 47. | നിലവിലുള്ളതും പിന്നീട് നിഷ്ഫലമാകുന്നതുമായ പ്രതിഫലത്തിൻമേൽ കൊടുത്ത പണത്തിൽ. | മൂന്നു വർഷം | നിഷ്ഫലമാകുന്ന തീയതി. |
| 48. | അംശദായത്തിന്, ഒരു കൂട്ടുവിധിക്കു കീഴിൽ കൊടുക്കാനുള്ള തുക മുഴുവനുമോ അതിലെ തന്റെ ഓഹരിയേക്കാൾ കൂടുതലോ കൊടുത്തിട്ടുള്ള ഒരു കക്ഷിയാലോ, അല്ലെങ്കിൽ ഒരു കൂട്ടു സ്വത്തിന്റെ തന്നിൽനിന്നും തന്റെ കൂട്ടു ഓഹരിക്കാരിൽനിന്നുംകൂടി കിട്ടാനുള്ള നികുതി മുഴുവനുമോ അതിലെ തന്റെ ഓഹരിയേക്കാൾ കൂടുതലോ കൊടുത്തിട്ടുള്ള ഒരു ഓഹരിക്കാരനാലോ. | മൂന്നു വർഷം | വാദിയുടെ സ്വന്തം ഓഹരിയേക്കാൾ കൂടുതലായുള്ള പണം കൊടുക്കുന്ന തീയതി. |
| 49. | മരിച്ചുപോയ ട്രസ്റ്റിയുടെ എസ്റ്റേറ്റിനെതിരായി അംശദായത്തിനുള്ള ഒരവകാശം ഫലത്തിൽ കൊണ്ടുവരുവാൻ, ഒരു സഹട്രസ്റ്റിയാൽ. | മൂന്നു വർഷം | അംശദായത്തിനുള്ള അവകാശം ഉദ്ഭൂതമാകുമ്പോൾ. |

| | | | |
|---|---|---|---|
| 50. | ഒരു അവിഭക്ത കുടുംബത്തിന്റെ കൂട്ടായ എസ്റ്റേററിന്റെ മാനേജരാൽ, എസ്റ്റേററിനുവേണ്ടി അയാൾ കൊടുത്ത പണം സംബന്ധിച്ച് അംശദായത്തിന്. | മൂന്നു വർഷം | പണം കൊടുത്ത തീയതി. |
| 51. | വാദിയുടെ വകയായ സ്ഥാവരവസ്തുവിൽനിന്ന് പ്രതിക്ക് അന്യായമായ വിധത്തിൽ കിട്ടിയിട്ടുള്ള ലാഭത്തിന്. | മൂന്നു വർഷം | ലാഭം കിട്ടുമ്പോൾ. |
| 52. | വാടകയുടെ (പാട്ടത്തിന്റെ) കുടിശ്ശികയ്ക്ക്. | മൂന്നു വർഷം | കുടിശ്ശിക കിട്ടാനുള്ളതായിത്തീരുമ്പോൾ. |
| 53. | ക്രയസംഖ്യയിൽ കിട്ടിയിട്ടില്ലാത്ത പണം നേരിട്ട് കിട്ടുവാനായി, സ്ഥാവരവസ്തു വില്ക്കുന്നവനാൽ. | മൂന്നു വർഷം | വില്പന പൂർത്തിയാക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയമോ അല്ലെങ്കിൽ (പൂർത്തിയാക്കുന്നതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയത്തിനുശേഷം ഉടമാവകാശം പ്രതിഗ്രഹിക്കുന്നിടത്ത്) പ്രതിഗ്രഹണത്തിന്റെ തീയതിയോ. |
| 54. | കാൺട്രാക്ററിന്റെ വിനിർദ്ദിഷ്ട നിർവ്വഹണത്തിന്. | മൂന്നു വർഷം | നിർവ്വഹണത്തിന് നിശ്ചയിച്ച തീയതിയോ അങ്ങനെ തീയതി നിശ്ചയിച്ചിട്ടില്ലെങ്കിൽ നിർവ്വഹണത്തിന് വിസമ്മതിച്ചിരിക്കുന്നുവെന്ന് വാദിക്ക് നോട്ടീസ് ഉണ്ടാകുമ്പോഴോ. |
| 55. | ഇതിൽ പ്രത്യേക വ്യവസ്ഥ ചെയ്തിട്ടില്ലാത്ത പ്രകടമോ വ്യംഗ്യമോ ആയ ഏതെങ്കിലും കാൺട്രാക്ററിന്റെ ലംഘനത്തിനുള്ള നഷ്ടപരിഹാരത്തിന്. | മൂന്നു വർഷം | കാൺട്രാക്ററ് ലംഘിക്കുമ്പോഴോ (അനുക്രമമായ ലംഘനങ്ങളുള്ളിടത്ത്) ഏതു ലംഘനം സംബന്ധിച്ചാണോ, വ്യവഹാരം ആരംഭിച്ചിട്ടുള്ളത്, ആ ലംഘനം ഉണ്ടാകുമ്പോഴോ, അല്ലെങ്കിൽ (ലംഘനം തുടരുന്നതാണെങ്കിൽ) അതവസാനിക്കുമ്പോഴോ. |

## ഭാഗം III

### സ്ഥാപനങ്ങൾ സംബന്ധിച്ച വ്യവഹാരങ്ങൾ

| | | |
|---|---|---|
| 56. പുറപ്പെടുവിക്കപ്പെട്ടതോ രജിസ്ററർ ചെയ്യപ്പെട്ടതോആയ ഒരു പ്രമാണം വ്യാജ നിർമ്മിതമാണെന്ന് സ്ഥാപന ചെയ്യുന്നതിന്. | മൂന്നു വർഷം | പുറപ്പെടുവിച്ചതോ രജിസ്ററർ ചെയ്തതോ വാദിക്ക് അറിവാകുമ്പോൾ. |
| 57. പറയപ്പെട്ട ഒരു ദത്ത് അസാധുവാണെന്നോ അല്ലെങ്കിൽ അത് യഥാർത്ഥത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലെന്നോ ഉള്ള ഒരു സ്ഥാപന കിട്ടുന്നതിന്. | മൂന്നു വർഷം | പറയപ്പെട്ട ദത്ത് വാദിക്ക് അറിവാകുമ്പോൾ. |
| 58. മററു ഏതെങ്കിലും സ്ഥാപന കിട്ടുന്നതിന്. | മൂന്നു വർഷം | വ്യവഹാരപ്പെടുവാനുള്ള അവകാശം ആദ്യമായി ഉദ്ഭൂതമാകുമ്പോൾ. |



## ഭാഗം IV

### ഡിക്രികളും പ്രമാണങ്ങളും സംബന്ധിച്ച വ്യവഹാരങ്ങൾ

| | | |
|---|---|---|
| 59 ഒരു പ്രമാണമോ ഡിക്രിയോ റദ്ദു ചെയ്യുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നതിനോ അല്ലെങ്കിൽ ഒരു കാൺട്രാക്ററിന്റെ റദ്ദാക്കലിനോ. | മൂന്നു വർഷം | പ്രമാണമോ ഡിക്രിയോ റദ്ദു ചെയ്യുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുവാനോ അല്ലെങ്കിൽ കാൺട്രാക്ററ് റദ്ദാക്കുവാനോ വാദിക്ക് അവകാശം നല്കുന്ന വസ്തുതകൾ അയാൾക്ക് ആദ്യമായി അറിവാകുമ്പോൾ. |
| 60 ഒരു വാർഡിന്റെ രക്ഷാകർത്താവ് ചെയ്ത വസ്തുകൈമാററം ദുർബലപ്പെടുത്തുവാൻ- | | |
| (ക) മേജറായിട്ടുള്ള വാർഡിനാൽ. | മൂന്നു വർഷം | വാർഡ് മേജറാകുമ്പോൾ. |

| | | |
|---|---|---|
| (ഖ) വാർഡിന്റെ നിയമാനുസൃത പ്രതിനിധിയാൽ— | | |
| (i) മേജറാകുന്ന തീയതി മുതൽ മൂന്നുവർഷത്തിനകം വാർഡ് മരിക്കുമ്പോൾ. | മൂന്നു വർഷം | വാർഡ് മേജറാകുമ്പോൾ. |
| (ii) മേജറാകുന്നതിനുമുമ്പ് വാർഡ് മരിക്കുമ്പോൾ. | മൂന്നു വർഷം | വാർഡ് മരിക്കുമ്പോൾ. |

ഭാഗം V

സ്ഥാവരവസ്തു സംബന്ധിച്ച വ്യവഹാരങ്ങൾ

| | | |
|---|---|---|
| 61 പണയദാതാവിനാൽ— | | |
| (ക) പണയപ്പെടുത്തിയ സ്ഥാവര വസ്തു പണയം ഒഴിപ്പിക്കുവാനോ കൈവശം വീണ്ടെടുക്കുവാനോ; | മുപ്പതു വർഷം | പണയം ഒഴിപ്പിച്ചെടുക്കുവാനോ വീണ്ടെടുക്കുവാനോ ഉള്ള അവകാശം ഉദ്ഭൂതമാകുമ്പോൾ. |
| (ഖ) പണയപ്പെടുത്തിയതും പിന്നീട് പണയഗൃഹീതാവു മൂല്യമുള്ള പ്രതിഫലത്തിന് കൈമാറ്റം ചെയ്തതും ആയ സ്ഥാവര വസ്തു കൈവശം വീണ്ടെടുക്കുവാൻ | പന്ത്രണ്ടുവർഷം | കൈമാറ്റത്തെപ്പറ്റി വാദിക്ക് അറിവാകുമ്പോൾ. |
| (ഗ) പണയഗൃഹീതാവിന് കിട്ടുന്ന പിരിവിൽ പണയ ബാദ്ധ്യത തീർന്നതിനുശേഷം ഉള്ള മിച്ചത്തിന് | മൂന്നു വർഷം | പണയദാതാവ് പണയവസ്തുവിൽ പുന:പ്രവേശനം ചെയ്യുമ്പോൾ. |
| 62 പണയത്തിന്റെ ഈടുള്ളതോ സ്ഥാവര വസ്തുവിൻമേൽ മററുവിധത്തിൽ ചാർജ്ജാക്കപ്പെട്ടിട്ടുള്ളതോ ആയ പണം കൊടുപ്പിക്കുവാൻ | പന്ത്രണ്ടുവർഷം | വ്യവഹാരപ്പെട്ട പണം കിട്ടാനുള്ളതായിത്തീരുമ്പോൾ. |

| | | | |
|---|---|---|---|
| 63 | പണയഗൃഹീതാവിനാൽ— | | |
| | (ക) പണയമൊഴിപ്പിക്കൽ നിരോധത്തിന് | മുപ്പതു വർഷം | പണയത്തിന്റെ ഈടുള്ള പണം കിട്ടാനുള്ളതായിത്തീരുമ്പോൾ |
| | (ഖ) പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുവിന്റെ കൈവശത്തിന്. | പന്ത്രണ്ടുവർഷം | പണയഗൃഹീതാവ് കൈവശത്തിന് അവകാശമുള്ളവനായിത്തീരുമ്പോൾ. |
| 64 | സ്ഥാവര വസ്തുവിന്റെ ഉടമാവകാശത്തിന്റേതല്ലാതെ മുൻ കൈവശത്തിന്റെ അടിസ്ഥാനത്തിൻമേൽ കൈവശത്തിന്, വാദിക്ക് വസ്തു കൈവശമുണ്ടായിരിക്കെ അയാൾ കൈവശത്തിൽ നിന്ന് നീക്കം ചെയ്യപ്പെട്ടിരിക്കുമ്പോൾ. | പന്ത്രണ്ടുവർഷം | കൈവശത്തിൽനിന്ന് നീക്കം ചെയ്യപ്പെട്ട തീയതി. |
| 65 | ഉടമാവകാശത്തിന്റെ അടിസ്ഥാനത്തിൻമേൽ സ്ഥാവരവസ്തുവിന്റേയോ അല്ലെങ്കിൽ അതിലെ ഏതെങ്കിലും അവകാശബന്ധത്തിന്റേയോ കൈവശത്തിന്. | പന്ത്രണ്ടുവർഷം | പ്രതിയുടെ കൈവശം വാദിക്ക് എതിരായിത്തീരുമ്പോൾ. |

വിശദീകരണം:—ഈ അനുച്ഛേദത്തിന്റെ ആവശ്യങ്ങൾക്ക്

(ക) വ്യവഹാരം ഒരു അവശിഷ്ടാവകാശിയുടേതോ (ഭൂവുടമയല്ലാത്ത) പ്രതിവർത്തനാവകാശിയുടേതോ ഒസ്യത്തവകാശിയുടേതോ ആയിട്ടുള്ളിടത്ത്, പ്രതിയുടെ കൈവശം അതതു സംഗതിപോലെ, അവശിഷ്ടാവകാശിക്കോ പ്രതിവർത്തനാവകാശിക്കോ ഒസ്യ

അവകാശിക്കോ എസ്റ്റേററ് കൈവശം കിട്ടാനുള്ള അവകാശം സിദ്ധിക്കുമ്പോഠം മാത്രമേ എതിരായിത്തീരുന്നതായി കരുതപ്പെടുകയുള്ളൂ.

(ഖ) വ്യവഹാരം സ്ഥാവര വസ്തുവിൻെറകൈവശത്തിന് ഹിന്ദുവോ മുസ്ലീമോ ആയ ഒരു സ്ത്രീയുടെ മരണത്തോടെ അവകാശമുണ്ടാകുന്ന ഒരു ഹിന്ദുവിൻേറതോ മുസ്ലീമിൻേറതോ ആയിട്ടുള്ളിടത്ത്, പ്രതിയുടെ കൈവശംആ സ്ത്രീ മരിക്കുമ്പോഠം മാത്രമേ എതിരായിത്തീരുന്നതായി കരുതപ്പെടുകയുള്ളൂ.

(ഗ) വ്യവഹാരം ഒരു വിധിനടത്തലിലെ വില്പനയിലെ ക്രേതാവിൻേറതായിരിക്കുന്നിടത്ത് വില്പനത്തീയതിക്ക് വിധിക്കടക്കാരൻ കൈവശത്തിൽ അല്ലാതിരുന്നുവെങ്കിൽ, ക്രേതാവ്, കൈവശത്തിലല്ലാതിരുന്ന വിധിക്കടക്കാരൻെറ പ്രതിനിധിയായി കരുതപ്പെടുന്നതാകുന്നു.

| | | |
|---|---|---|
| 66 സ്ഥാവര വസ്തുവിൻെറ കൈവശത്തിന്, വാദി, ഏതെങ്കിലും നഷ്ടപ്പെടലോ ഉപാധിലംഘനമോ കാരണമായി കൈവശത്തിന് അവകാശപ്പെട്ടവനായി തീർന്നിട്ടുള്ളപ്പോഠം. | പന്ത്രണ്ടുവർഷം | നഷ്ടപ്പെടൽ ഉണ്ടാവുകയോ ഉപാധിലംഘിക്കപ്പെടുകയോ ചെയ്യുമ്പോഠം. |
| 67 ഒരു ഭൂവുടമയാൽ ഒരു കുടിയാനിൽ നിന്ന് കൈവശം വീണ്ടെടുക്കുന്നതിന്. | പന്ത്രണ്ടുവർഷം | കുടിയായ്മ അവസാനിക്കപ്പെടുമ്പോഠം. |

## ഭാഗം VI

### ജംഗമവസ്തു സംബന്ധിച്ച വ്യവഹാരങ്ങൾ

| | | | |
|---|---|---|---|
| 68 | നഷ്ടപ്പെട്ടതോ അല്ലെങ്കിൽ മോഷണത്താലോ നേരുകേടായ ദുർവിനിയോഗമോ മറിക്കലോ വഴിയായോ ആർജ്ജിക്കപ്പെട്ടതോ ആയ വിനിർദ്ദിഷ്ട ജംഗമവസ്തുവിന്. | മൂന്നു വർഷം | വസ്തുവിൻെറകൈവശത്തിന് അവകാശമുള്ള ആൾക്ക്, അത് ആരുടെ കൈവശത്തിലാണെന്ന് ആദ്യമായി അറിവാകുമ്പോൾ. |
| 69 | മററ് വിനിർദ്ദിഷ്ട ജംഗമ വസ്തുവിന്. | മൂന്നുവർഷം | വസ്തു അന്യായമായി എടുക്കപ്പെടുമ്പോൾ. |
| 70 | ഡിപ്പാസിററു ചെയ്തിട്ടുള്ളതോ പണയം വച്ചിട്ടുള്ളതോ ആയ ജംഗമവസ്തു ഡിപ്പാസിററിലെടുത്ത ആളിൽനിന്നോ പണയത്തിനെടുത്ത ആളിൽനിന്നോ വീണ്ടെടുക്കുന്നതിന്. | മൂന്നുവർഷം | ആവശ്യപ്പെടലിനുശേഷം വിസമ്മതിക്കുന്ന തീയതി. |
| 71 | ഡിപ്പാസിററു ചെയ്യുകയോ പണയം വയക്കുകയോ ചെയ്തതും പിന്നിട് മൂല്യമുള്ള പ്രതിഫലത്തിന് ഡിപ്പാസിററിലെടുത്ത ആളിൽനിന്നോ പണയത്തിനെടുത്ത ആളിൽ നിന്നോ വിലയ്ക്ക് വാങ്ങിയതും ആയ ജംഗമവസ്തു വീണ്ടെടുക്കുന്നതിന്. | മൂന്നുവർഷം | വില്പന വാദിയുടെ അറിവിൽപ്പെടുമ്പോൾ. |

## ഭാഗം VII

### അപകൃത്യം സംബന്ധിച്ച വ്യവഹാരങ്ങൾ

| | | | |
|---|---|---|---|
| 72 | ഈ ആക്റ്റ് വ്യാപിക്കുന്ന രാജ്യക്ഷേത്രത്തിനുള്ളിൽ തൽസമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും അധിനിയമത്തിന് അനുസൃതമാണെന്നു പറയപ്പെട്ട ആ കൃത്യനിർവ്വഹണത്തിനോ കൃത്യവിലോപത്തിനോ ഉള്ള നഷ്ടപരിഹാരത്തിന്. | ഒരുവർഷം | കൃത്യമോ കതൃവിലോപമോ സംഭവിക്കുമ്പോൾ. |
| 73 | ന്യായരഹിതമായ തടങ്കലിനുള്ള നഷ്ടപരിഹാരത്തിന്. | ഒരുവർഷം | തടങ്കൽ അവസാനിക്കുമ്പോൾ. |
| 74 | ദുരുദ്ദേശപൂർവമായ പ്രാസിക്യൂഷനുള്ള നഷ്ടപരിഹാരത്തിന്. | ഒരുവർഷം | വാദി കുററവിമുക്തനാക്കപ്പെടുകയോ പ്രാസിക്യൂഷൻ മററുവിധത്തിൽ അവസാനിക്കുകയോ ചെയ്യുമ്പോൾ. |
| 75 | അപമാനലേഖത്തിനുള്ള നഷ്ടപരിഹാരത്തിന്. | ഒരുവർഷം | അപമാനലേഖം പ്രസിദ്ധപ്പെടുത്തുമ്പോൾ |
| 76 | അപമാനവചനത്തിനുള്ള നഷ്ടപരിഹാരത്തിന്. | ഒരുവർഷം | വാക്കുകൾ ഉച്ചരിക്കപ്പെടുമ്പോഴോ അല്ലെങ്കിൽ വാക്കുകൾ സ്വയം അവയിൻമേൽ നടപടിയെടുക്കത്തക്കവയല്ലെങ്കിൽ പരാതിപ്പെട്ട പ്രത്യേക നാശനഷ്ടം സംഭവിക്കുമ്പോഴോ. |
| 77 | വാദിയുടെ ഭൃത്യനേയോ മകളേയോ പ്രലോഭിപ്പിക്കുന്നതു വഴിയുണ്ടാകുന്ന സേവനനഷ്ടത്തിനുള്ള നഷ്ടപരിഹാരത്തിന്. | ഒരുവർഷം | നഷ്ടം ഉണ്ടാകുമ്പോൾ. |
| 78 | വാദിയുമായുള്ള ഒരു കാൺട്രാക്റ്റ് ലംഘിക്കുവാൻ ഒരാളെ പ്രചോദിപ്പിക്കുന്നതിനുള്ള നഷ്ടപരിഹാരത്തിന്. | ഒരുവർഷം | ലംഘനത്തിൻെറ തീയതി. |

| | | | |
|---|---|---|---|
| 79 | നിയമ വിരുദ്ധമോ ക്രമരഹിതമോ അധികമോ ആയ ഡിസ്ട്രെസ്സിനുള്ള നഷ്ടപരിഹാരത്തിന്. | ഒരുവർഷം | ഡിസ്ട്രെസ്സ് ചെയ്ത തീയതി. |
| 80 | നിയമപ്രകാരമുള്ള പ്രോസസ്സിൻ കീഴിൽ ജംഗമവസ്തു അന്യായമായി പിടിച്ചെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിന്. | ഒരുവർഷം | പിടിച്ചെടുക്കുന്ന തീയതി |
| 81 | എക്സിക്യൂട്ടർമാരാലോ, അഡ്മിനിസ്ട്രേറ്റർമാരാലോ പ്രതിനിധികളാലോ, നിയമാനുസൃത പ്രതിനിധികളുടെ വ്യവഹാരങ്ങൾ ആക്റ്റ് 1885 [1855-ലെ12]ൻ കീഴിൽ, | ഒരുവർഷം | അപകൃത്യത്തിന് വിധേയനായ ആളുടെ മരണത്തീയതി. |
| 82 | എക്സിക്യൂട്ടർമാരാലോ, അഡ്മിനിസ്ട്രേറ്റർമാരാലോ പ്രതിനിധികളാലോ ഇൻഡ്യൻ മാരക അപകട ആക്റ്റ്, 1855 [1855-ലെ 13]-ൻ കീഴിൽ. | രണ്ടുവർഷം | കൊല്ലപ്പെട്ട ആളുടെ മരണത്തീയതി. [1855-ലെ12] |
| 83 | ഒരു എക്സിക്യൂട്ടർക്കോ ഒരു അഡ്മിനിസ്ട്രേറ്റർക്കോ മറ്റ് ഏതെങ്കിലും പ്രതിനിധിയ്ക്കോ എതിരായി, നിയമാനുസൃത പ്രതിനിധികളുടെ വ്യവഹാരങ്ങൾ ആക്റ്റ്, 1855 [1855-ലെ 12]-ൻ കീഴിൽ. | രണ്ടുവർഷം | പരാതിപ്പെട്ട അപകൃത്യം ചെയ്തപ്പോൾ. |
| 84 | വിനിർദ്ദിഷ്ട ആവശ്യങ്ങൾക്ക് വസ്തു ഉപയോഗിക്കുവാൻ അവകാശമുണ്ടായിരിക്കെ, അത് മറ്റ് ആവശ്യങ്ങൾക്ക് ദുരുപയോഗപ്പെടുത്തുന്ന ഒരാൾക്കെതിരായി. | രണ്ടുവർഷം | ദുരുപയോഗത്തെപ്പറ്റി അതുവഴി ക്ഷതിയേറ്റആൾക്ക് ആദ്യമായി അറിവാകുമ്പോൾ. |
| 85 | ഒരു വഴിയോ ജലമാർഗ്ഗമോ തടസ്സപ്പെടുത്തുന്നതിനുള്ള നഷ്ടപരിഹാരത്തിന്. | മൂന്നുവർഷം | തടസ്സപ്പെടുത്തലിന്റെ തീയതി. |

| | | | |
|---|---|---|---|
| 86 | ഒരു ജലമാർഗ്ഗം തിരിച്ചുവിടുന്നതിനുള്ള നഷ്ടപരിഹാരത്തിന്. | മൂന്നുവർഷം | തിരിച്ചുവിടലിൻെറ തീയതി. |
| 87 | സ്ഥാവരവസ്തു കൈയേററത്തിനുള്ള നഷ്ടപരിഹാരത്തിന്. | മൂന്നുവർഷം | കൈയേററത്തിൻെറ തീയതി. |
| 88 | പകർപ്പവകാശമോ അല്ലെങ്കിൽ അനന്യമായ മറേറതെങ്കിലും വിശേഷാവകാശമോ അതിലംഘിക്കുന്നതിനുള്ള നഷ്ടപരിഹാരത്തിന്. | മൂന്നുവർഷം | അതിലംഘനത്തിൻെറ തീയതി. |
| 89 | നാശം തടയുന്നതിന്. | മൂന്നുവർഷം | നാശം തുടങ്ങുമ്പോൾ. |
| 90 | അന്യായമായി ലഭിച്ചിട്ടുള്ള ഒരു ഇൻജങ്ഷൻവഴി ഉണ്ടാകുന്ന ക്ഷതിയ്ക്കുള്ള നഷ്ടപരിഹാരത്തിന്. | മൂന്നുവർഷം | ഇൻജങ്ഷൻ അവസാനിക്കുമ്പോൾ. |
| 91 | നഷ്ടപരിഹാരത്തിന്, (ക) നഷ്ടപ്പെട്ടതോ അല്ലെങ്കിൽ മോഷണത്താലോ നേരുകേടായോ ദുർവിനിയോഗമോ, മറിക്കലോ വഴിയോ ആർജ്ജിക്കപ്പെട്ടതോ ആയ ഏതെങ്കിലും വിനിർദ്ദിഷ്ട ജംഗമവസ്തു അന്യായമായി എടുക്കുകയോ തടഞ്ഞുവയ്ക്കുകയോ ചെയ്യുന്നതിനുള്ളത്, | മൂന്നുവർഷം | വസ്തുവിൻെറ കൈവശത്തിന് അവകാശമുള്ള ആൾക്ക്, അതു ആരുടെ കൈവശത്തിലാണെന്ന് ആദ്യമായി അറിവാകുമ്പോൾ. |
| (ഖ) | മറേറതെങ്കിലും വിനിർദ്ദിഷ്ടജംഗമവസ്തു അന്യായമായി എടുക്കുകയോ ക്ഷതിപ്പെടുത്തുകയോ ചെയ്യുന്നതിനോ അല്ലെങ്കിൽ അന്യായമായി തടഞ്ഞുവയ്ക്കുന്നതിനോ ഉള്ളത്. | മൂന്നുവർഷം | വസ്തു അന്യായമായി എടുക്കുകയോ ക്ഷതിപ്പെടുത്തുകയോ ചെയ്യുമ്പോൾ, അല്ലെങ്കിൽ തടഞ്ഞുവയ്ക്കുന്ന ആളുടെ കൈവശം നിയമവിരുദ്ധമായിത്തീരുമ്പോൾ. |

ഭാഗം VIII

## ട്രസ്റ്റും ട്രസ്റ്റുവസ്തു സംബന്ധിച്ച വ്യവഹാരങ്ങൾ

| | | | |
|---|---|---|---|
| 92 | ട്രസ്റ്റായി കൈമാററം ചെയ്തു കൊടുക്കുകയോ മരണശാസനംവഴി നല്കുകയോ ചെയ്തതും പിന്നീട്. ട്രസ്ററി മൂല്യമുള്ള പ്രതിഫലത്തിന് കൈമാററം ചെയ്തതും ആയ സ്ഥാവര വസ്തുവിൻെറ കൈവശം വീണ്ടെടുക്കുന്നതിന്. | പന്ത്രണ്ടു വർഷം | കൈമാററം വാദിയുടെ അറിവിൽപ്പെടുമ്പോൾ. |
| 93 | ട്രസ്ററായി കൈമാററം ചെയ്തുകൊടുക്കുകയോ മരണശാസനം വഴി നല്കുകയോ ചെയ്തതും പിന്നീട് ട്രസ്ററി മൂല്യമുള്ള പ്രതിഫലത്തിന് കൈമാററം ചെയ്തതും ആയ ജംഗമവസ്തുവിൻെറ കൈവശം വീണ്ടെടുക്കുന്നതിന്. | മൂന്നു വർഷം | കൈമാററം വാദിയുടെ അറിവിൽപ്പെടുമ്പോൾ. |
| 94 | ഹിന്ദു മതത്തിൻേറയോ മുസ്ലീം മതത്തിൻേറയോ ബുദ്ധമതത്തിൻേറയോ മതപരമോ ധർമ്മപരമോ ആയ ഒരു എൻഡോവ്മെൻറിൽ അടങ്ങിയിട്ടുള്ള സ്ഥാവരവസ്തുവിൻേറതും അതിൻെറ മാനേജർ മൂല്യമുള്ള പ്രതിഫലത്തിനായി ചെയ്തതുമായ കൈമാററം ദുർബലപ്പെടുത്തുന്നതിന്. | പന്ത്രണ്ടു വർഷം | കൈമാററം വാദിയുടെ അറിവിൽപ്പെടുമ്പോൾ. |
| 95 | ഹിന്ദുമതത്തിൻേറയോ മുസ്ലീം മതത്തിൻേറയോ ബുദ്ധമതത്തിൻേറയോ മതപരമോ ധർമ്മപരമോ ആയ ഒരു എൻഡോവ്മെൻറിൽ അടങ്ങിയിട്ടുള്ള ജംഗമവസ്തുവിൻേറതും അതിൻെറ മാനേജർ മൂല്യമുള്ള പ്രതിഫലത്തിനായി ചെയ്തതുമായ കൈമാററം ദുർബലപ്പെടുത്തുന്നതിന്. | മൂന്നു വർഷം | കൈമാററം വാദിയുടെ അറിവിൽപ്പെടുമ്പോൾ. |

| | | | |
|---|---|---|---|
| 96 | ഹിന്ദു മതത്തിന്റേയോ മുസ്ലീം മതത്തിന്റേയോ ബുദ്ധമതത്തിന്റേയോ മതപരമോ ധർമ്മപരമോ ആയ എൻഡോവ്മെൻറിന്റെ മാനേജരാൽ, എൻഡോവ്മെൻറിൽ അടങ്ങിയിട്ടുള്ളതും മൂല്യമുള്ള പ്രതിഫലത്തിനായി മുൻ മാനേജരാൽ കൈമാററം ചെയ്യപ്പെട്ടതുമായ ജംഗമമോ സ്ഥാവരമോ ആയ വസ്തുവിന്റെ കൈവശം വീണ്ടെടുക്കുന്നതിന്. | പന്ത്രണ്ടു വർഷം | കൈമാററം ചെയ്യുന്നയാരം മരിച്ചതോ, രാജിവച്ചതോ നീക്കം ചെയ്യപ്പെട്ടതോ ആയ തീയതിയോ, വാദിയെ എൻഡോവ്മെൻറിന്റെ മനേജരായി നിയമിച്ച തീയതിയോ, ഏതാണ് ഒടുവിലത്തേത്, അത്. |

## ഭാഗം IX

## പലവക വിഷയങ്ങളം സംബന്ധിച്ച വ്യവഹാരങ്ങളം

| | | | |
|---|---|---|---|
| 97 | ഒരു അഗ്രക്രയാവകാശം ബലത്തിൽ കൊണ്ടുവരാൻ—ആ അവകാശം അടിസ്ഥാനമാക്കിയിട്ടുള്ളത്, നിയമത്തേയോ പൊതുവഴക്കത്തേയോ പ്രത്യേക കാൺട്രാക്ററിനേയോ ആയാലും. | ഒരു വർഷം | ചോദ്യം ചെയ്യപ്പെടാനുദ്ദേശിക്കുന്ന വില്പനയിൻ കീഴിൽ ക്രേതാവ് വില്കപ്പെട്ട വസ്തു മുഴുവനുമായോ ഭാഗികമായോ യഥാർത്ഥ കൈവശം എടുക്കുമ്പോഴോ അല്ലെങ്കിൽ വില്പനയ്ക്ക് വിഷയകമായ വസ്തു മുഴുവനുമായോ ഭാഗികമായോ യഥാർത്ഥ കൈവശം എടുക്കാവുന്നതല്ലാത്തതായിട്ടുള്ളിടത്ത് വില്പന പ്രമാണം രജിസ്ററർ ചെയ്യുമ്പോഴോ. |
| 98 | ആർക്കെതിരായാണോ സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ലെ 21-ാം ആർഡർ 63-ാം ചട്ടത്തിലോ 103-ാം ചട്ടത്തിലോപരാമർശിച്ചതോ അല്ലെങ്കിൽ പ്രസിഡൻസി സ്മാംകാസ് കോർട്ട് ആക്ററ്, 1882 (1882-ലെ 15) ലെ 28-ാം | ഒരു വർഷം | അവസാന ഉത്തരവിന്റെ തീയതി. |

| | | | |
|---|---|---|---|
| | വകുപ്പിൻകീഴിലുള്ളതോ ആയ ഉത്തരവ പാസ്സാക്കപ്പെട്ടിട്ടുള്ളത്, അങ്ങനെയുള്ളൊരാളാൽ ആ ഉത്തരവിൽ അടങ്ങിയ വസ്തുവിന് അയാൾ അവകാശവാദം ഉന്നയിക്കുന്ന അവകാശം സ്ഥാപിച്ചു കിട്ടുന്നതിന്. | | |
| 99 | ഒരു സിവിൽക്കോടതിയാലോ റവന്യൂ കോടതിയാലോ ഉള്ള വില്പനയോ അല്ലെങ്കിൽ ഗവൺമെൻറ് റവന്യൂ കുടിശ്ശികയ്ക്കോ അങ്ങനെയുള്ള കുടിശ്ശികപോലെ വസൂലാക്കാവുന്ന ഏതെങ്കിലും ആവശ്യത്തിനോ ഉള്ള ഒരു വില്പനയോ ദുർബലപ്പെടുത്തുന്നതിന്. | ഒരു വർഷം | വില്പന സ്ഥിരപ്പെടുത്തുകയോ അല്ലെങ്കിൽ അങ്ങനെയുള്ള വ്യവഹാരം കൊണ്ടുവന്നിട്ടുണ്ടായിരുന്നില്ലെങ്കിൽ മററു വിധത്തിൽ അന്തിമവും നിശ്ചായകവുമായിത്തീർന്നിട്ടുണ്ടായിരിക്കുകയോ ചെയ്യുമ്പോൾ. |
| 100 | വ്യവഹാരമല്ലാത്ത ഏതെങ്കിലും നടപടിയിലെ സിവിൽ കോടതിയുടെ ഏതെങ്കിലും തീരുമാനമോ ഉത്തരവോ അല്ലെങ്കിൽ ഒരു ഗവൺമെൻറ് ഉദ്യോഗസ്ഥൻെറ ഔദ്യോഗിക നിലയിലുള്ള ഏതെങ്കിലും കൃത്യമോ ഉത്തരവോ ഭേദപ്പെടുത്തുകയോ ദുർബലപ്പെടുത്തുകയോ ചെയ്യുന്നതിന്. | ഒരു വർഷം | അതതു സംഗതിപോലെ, കോടതിയുടെ അന്തിമതീരുമാനത്തിൻേറയോ ഉത്തരവിൻേറയോ തീയതിയോ അല്ലെങ്കിൽ ഉദ്യോഗസ്ഥൻെറ കൃത്യത്തിൻേറയോ ഉത്തരവിൻേറയോ തീയതിയോ. |
| 101 | വിദേശ വിധിന്യായം ഉൾപ്പെടെയുള്ള ഒരു വിധിന്യായത്തിൻമേലോ മുച്ചിലിക്കായിൻമേലോ. | മൂന്നു വർഷം | വിധിന്യായത്തിൻേറയോ മുച്ചിലിക്കായുടേയോ തീയതി. |
| 102 | വാദി ചിത്തഭ്രമമുണ്ടായിരുന്നപ്പോൾ കൈമാററം ചെയ്തുകൊടുത്തിട്ടുള്ള വസ്തുവിന്. | മൂന്നു വർഷം | വാദിക്ക് ചിത്തസ്വാസ്ഥ്യം വീണ്ടുകിട്ടുകയും അയാൾക്ക് കൈമാററംചെയ്തു കൊടുത്തതിനെപ്പററി അറിവാകുകയും ചെയ്യുമ്പോൾ. |

| | | | |
|---|---|---|---|
| 103 | ട്രസ്റ്റ് ലംഘനത്താൽ ഇടയായ നഷ്ടം മരിച്ചുപോയ ട്രസ്റ്റിയുടെ പൊതു എസ്റ്റേററിൽ നിന്ന് നികത്തി കിട്ടുന്നതിന്. | മൂന്നു വർഷം | ട്രസ്റ്റി മരിച്ച തീയതിയോ, അല്ലെങ്കിൽ ആ നഷ്ടം അപ്പോൾ ഉണ്ടായിക്കഴിഞ്ഞിട്ടില്ലെങ്കിൽ, നഷ്ടത്തിന്റെ തീയതിയോ. |
| 104 | ആനുകാലികമായി ആവർത്തിക്കുന്ന ഒരു അവകാശം സ്ഥാപിച്ചു കിട്ടുന്നതിന്. | മൂന്നു വർഷം | അവകാശത്തിന്റെ അനുഭവം ആദ്യമായി വാദിക്ക് നിഷേധിക്കപ്പെടുമ്പോൾ. |
| 105 | ഒരു ഹിന്ദുവിനാൽ, സംരക്ഷണ വക കുടിശ്ശികയ്ക്ക്. | മൂന്നു വർഷം | കുടിശ്ശിക കൊടുക്കാനുള്ളതാകുമ്പോൾ. |
| 106 | ഒസ്യത്തു മുതലിനോ, ഒസ്യത്ത് കർത്താവ് ഒസ്യത്തുവഴി നല്കിയ അവശിഷ്ടത്തിന്റെ ഓഹരിക്കോ, അല്ലെങ്കിൽ ഒസ്യത്തുകൂടാതെ മരിച്ച ഒരാളുടെ വസ്തുവിന്റെ വീതരണം ചെയ്യപ്പെടാനുള്ള ഓഹരിക്കോ, എക്സിക്യൂട്ടർക്കോ അഡ്മിനിസ്ട്രേററർക്കോ എസ്റ്റേററ് വിതരണം ചെയ്യുവാൻ നിയമപ്രകാരം ഉത്തരവാദപ്പെടുത്തപ്പെട്ടിട്ടുള്ള മറ്റേതെങ്കിലും ആൾക്കോ എതിരായി. | പന്ത്രണ്ടു വർഷം | ഒസ്യത്തുമുതലോ, ഓഹരിയോ കൊടുക്കാനുള്ളതാവുകയോ ഡെലിവർ ചെയ്യാനുള്ളതാവുകയോ ചെയ്യുമ്പോൾ. |
| 107 | ഒരു പരമ്പരാഗതമായ സ്ഥാനത്തിന്റെ കൈവശത്തിന്. വിശദീകരണം.—ആനുവംശികസ്ഥാനം കൈവശമാകുന്നത് അതിന്റെ വസ്തുക്കൾ സാധാരണ നിലയിൽ കിട്ടുമ്പോഴോ (വസ്തുക്കൾ ഇല്ലെങ്കിൽ) അതിന്റെ കർത്തവ്യങ്ങൾ സാധാരണ നിലയിൽ നിർവ്വഹിക്കപ്പെടുമ്പോഴോ ആകുന്നു. | പന്ത്രണ്ടു വർഷം | വാദിക്ക് എതിരായി പ്രതി സ്ഥാനം കൈവശമാക്കുമ്പോൾ. |

| | | | |
|---|---|---|---|
| 108. | ഒരു ഹിന്ദു സ്ത്രീയോ മുസ്ലിം സ്ത്രീയോ ചെയ്ത ഭൂമിയുടെ ഒരു അന്യാധീനപ്പെടുത്തൽ, ആ സ്ത്രീയുടെ ജീവിതകാലത്തേക്കോ പുനർവിവാഹം വരേയ്ക്കോ അല്ലാതെ ശൂന്യമാണെന്ന് സ്ഥാപന ചെയ്തു കിട്ടുന്നതിന്, വ്യവഹാരം ബോധിപ്പിക്കുന്ന തീയതി ആ സ്ത്രീ മരിക്കുകയാണെങ്കിൽ ആ ഭൂമിയുടെ കൈവശത്തിന് അവകാശമുണ്ടാകുമായിരുന്ന ഒരു ഹിന്ദുവിനാലോ മുസ്ലീമിനാലോ ആ സ്ത്രീയുടെ ജീവിതകാലത്ത്, കൊടുക്കപ്പെടുന്ന വ്യവഹാരം. | പന്ത്രണ്ടുവർഷം. | അന്യാധീനപ്പെടുത്തലിന്റെ തീയതി. |
| 109. | മിതാക്ഷര നിയമത്താൽ അനുശാസിതനായ ഒരു ഹിന്ദുവിനാൽ, തന്റെ പിതാവ് ചെയ്ത പൈതൃകസ്വത്തിന്റെ അന്യാധീനപ്പെടുത്തൽ ദുർബലപ്പെടുത്തുന്നതിന്. | പന്ത്രണ്ടുവർഷം. | ആർക്കാണ് അന്യാധീനപ്പെടുത്തുന്നത് അയാൾ വസ്തു കൈവശമെടുക്കുമ്പോൾ. |
| 110. | ഒരു കൂട്ടുകുടുംബ സ്വത്തിൽനിന്ന് ഒഴിച്ച് നിറുത്തപ്പെടുന്ന ഒരാളാൽ അതിൽ ഓഹരിക്കുളള അവകാശം പ്രാവർത്തികമാക്കുന്നതിന്. | പന്ത്രണ്ടുവർഷം. | ഒഴിച്ചുനിറുത്തലിനെപ്പററി വാദിക്ക് അറിവാകുമ്പോൾ. |
| 111. | ഏതെങ്കിലും തദ്ദേശാധികാരസ്ഥാനത്താലോ അതിനുവേണ്ടിയോ, ഏതു് പൊതു തെരുവിന്റേയോ പൊതു നിരത്തിന്റേയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റേയോ കൈവശത്തിൽ നിന്നാണ് അതുപുറത്താക്കപ്പെടുകയോ അല്ലെങ്കിൽ അങ്ങനെയുള്ള കൈ | മുപ്പതുവർഷം. | കൈവശത്തിൽനിന്ന് പുറത്താക്കപ്പെടുകയോ കൈവശം തുടരുന്നത് നിറുത്തുകയോ ചെയ്ത തീയതി. |

| | | |
|---|---|---|
| വശം തുടരുന്നത് നിറുത്തുകയോ ചെയ്തിട്ടുള്ളത്, അങ്ങനെയുള്ള ഏതെങ്കിലും പൊതുതെരുവിന്റെയോ പൊതുനിരത്തിന്റെയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റേയോ കൈവശത്തിന്. | | |
| 112. കേന്ദ്ര ഗവൺമെന്റിനാലോ, ജമ്മു കാശ്മീർ സ്റേററിലെ ഗവൺമെന്റ് ഉൾപ്പെടെ ഏതെങ്കിലും സ്റേററ് ഗവൺമെന്റിനാലോ, അതിനുവേണ്ടിയോ ഉള്ള ഏതെങ്കിലും വ്യവഹാരം (സുപ്രീംകോടതിയുടെ മുമ്പാകെ, അതിന്റെ ആദ്യാധികാരിതയുടെ പ്രയോഗത്തിൽ പെടുന്ന വ്യവഹാരം ഒഴികെ). | മുപ്പതുവർഷം. | ഒരു സ്വകാര്യവ്യക്തിയാലുള്ള ഒരു താദൃശ വ്യവഹാരത്തിന് ഈ ആക്ററിൻകീഴിൽ കാലഹരണകാലാവധി നീണ്ടുപോകുവാൻ തുടങ്ങുമ്പോഴ്. |



ഭാഗം X

നിർണ്ണയിക്കപ്പെട്ടിട്ടുള്ള കാലാവധി ഒന്നും ഇല്ലാത്ത വ്യവഹാരങ്ങൾ

| | | |
|---|---|---|
| 113. ഈ പട്ടികയിൽ മറെറവിടെയും കാലഹരണകാലാവധി ഒന്നും വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഏതെങ്കിലും വ്യവഹാരം. | മൂന്നുവർഷം. | വ്യവഹാരപ്പെടാനുള്ള അവകാശം ഉദ്ഭൂതമാകുമ്പോൾ. |

രണ്ടാം വിഭാഗം—അപ്പീലുകൾ

| | അപ്പീലിന്റെ വിവരണം. | കാലഹരണകാലാവധി. | കാലം നീങ്ങാൻ തുടങ്ങുന്നസമയം. |
|---|---|---|---|
| 114. | കുററ വിമോചന ഉത്തരവിൽ നിന്നുള്ള അപ്പീൽ,— | | |
| | (ക) ക്രിമിനൽ നടപടി [illegible] നിയമ സംഹിത, 1898-ലെ (1898-ലെ 5) 417-ാം വകുപ്പു് (1)-ാം ഉപവകുപ്പിനോ (2)-ാം ഉപവകുപ്പിനോ കീഴിൽ | തൊണ്ണൂറു ദിവസം. | ഏതു് ഉത്തരവിന്മേലാണോ അപ്പീൽ കൊടുക്കുന്നതു്, ആ ഉത്തരവിന്റെ തീയതി. |
| | (ഖ) ആ സംഹിതയിലെ 417-ാം വകുപ്പിലെ (3)-ാം ഉപവകുപ്പിന് കീഴിൽ. | മുപ്പതുദിവസം. | പ്രത്യേകാനുമതി നല്കുന്ന തീയതി. |
| 115. | ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898 -ലെ 5)-ൻ കീഴിൽ— | | |
| | (ക) ഒരു സെഷൻസ് കോടതിയോ ക്രിമിനൽ ആദ്യാധികാരിത പ്രയോഗിച്ചുകൊണ്ടു് ഒരു ഹൈക്കോടതിയോ പാസ്സാക്കുന്ന ഒരു മരണശിക്ഷാവിധിയിൽ നിന്നു് | മുപ്പതുദിവസം. | ശിക്ഷാവിധിയുടെ തീയതി. |
| | (ഖ) ഒരു കുററവിമോചന ഉത്തരവല്ലാത്ത മററതെങ്കിലും ശിക്ഷാവിധിയിൽ നിന്നോ ഒരു കുററവിമോചന ഉത്തരവല്ലാത്ത ഏതെങ്കിലും ഉത്തരവിൽ നിന്നോ— | | |
| | (i) ഹൈക്കോടതിയിലേക്കു്, | അറുപതുദിവസം | ശിക്ഷാവിധിയുടെയോ ഉത്തരവിന്റെയോ തീയതി. |
| | (ii) മറേറതെങ്കിലും കോടതിയിലേയ്ക്കു് | മുപ്പതുദിവസം. | ശിക്ഷാവിധിയുടെയോ ഉത്തരവിന്റെയോ തീയതി. |
| 116. | സിവിൽനടപടി നിയമ സംഹിത 1908 (1908 ലെ 5) -ൻ കീഴിൽ— | | |

| | | |
|---|---|---|
| (ക) ഏതെങ്കിലും വിധിയിൽനിന്നോ ഉത്തരവിൽനിന്നോ ഒരു ഹൈക്കോടതിയിലേക്ക്, | തൊണ്ണൂറു ദിവസം. | വിധിയുടേയോ ഉത്തരവിന്റേയോ തീയതി. |
| (ഖ) ഏതെങ്കിലും വിധിയിൽനിന്നോ ഉത്തരവിൽനിന്നോ മറ്റേതെങ്കിലും കോടതിയിലേക്ക്. | മുപ്പതു ദിവസം. | വിധിയുടേയോ ഉത്തരവിന്റേയോ തീയതി. |
| 117. ഏതെങ്കിലും ഹൈക്കോടതിയുടെ ഒരു വിധിയിൽനിന്നോ ഉത്തരവിൽ നിന്നോ അതേ കോടതിയിലേക്ക്. | മുപ്പതുദിവസം. | വിധിയുടെയോ ഉത്തരവിന്റെയോ തീയതി. |

## മൂന്നാം വിഭാഗം—അപേക്ഷകൾ

| അപേക്ഷയുടെ വിവരണം. | കാലഹരണ കാലാവധി. | കാലം നീങ്ങാൻ തുടങ്ങുന്ന സമയം. |
|---|---|---|
| **ഭാഗം I** | | |
| **വിനിർദ്ദിഷ്ട സംഗതികളിലെ അപേക്ഷകൾ** | | |
| 118. സമ്മറി നടപടിപ്രകാരമുള്ള ഒരു വ്യവഹാരത്തിൽ ഹാജരാകുവാനും പ്രതിവാദം ചെയ്യാനും ഉള്ള അനുമതിക്ക്. | പത്തുദിവസം. | സമൻ നടത്തപ്പെടുമ്പോൾ. |
| 119. മാദ്ധ്യസ്ഥ്യ ആക്റ്റ്, 1940 (1940 ലെ 10)-ന് കീഴിൽ— | | |
| (ക) അവാർഡ് കോടതിയിൽ ഫയൽ ചെയ്യുന്നതിന്; | മുപ്പതുദിവസം. | അവാർഡു നല്കിയതിനെപ്പറ്റിയുള്ള നോട്ടീസ് നടത്തിയ തീയതി. |
| (ഖ) അവാർഡ് ദുർബലപ്പെടുത്തുന്നതിനോ പുനഃപരിഗണനയ്ക്ക് തിരിച്ചയയ്ക്കുന്നതിനോ, | മുപ്പതുദിവസം. | അവാർഡു ഫയൽ ചെയ്തതിനെപ്പറ്റിയുള്ള നോട്ടീസ് നടത്തിയ തീയതി. |

| | | | |
|---|---|---|---|
| 120. | സിവിൽ നടപടി നിയമസംഹിത 1908(1908-ലെ 5)-ൻ കീഴിൽ മരിച്ചു പോയ ഒരു വാദിയുടേയോ അപ്പീൽ വാദിയുടേയോ അല്ലെങ്കിൽ മരിച്ചു പോയ ഒരു പ്രതിയുടേയോ അപ്പീൽ പ്രതിയുടെയോ നിയമാനുസൃത പ്രതിനിധിയെ കക്ഷിയാക്കിക്കിട്ടുവാൻ. | തൊണ്ണൂറു ദിവസം. | അതതു സംഗതിപോലെ, വാദിയോ അപ്പീൽ വാദിയോ, പ്രതിയോ, അപ്പീൽ പ്രതിയോ മരിച്ച തീയതി. |
| 121. | അതേ നിയമസംഹിതയിൻകീഴിൽ ഉപശമനം ദുർബലപ്പെടുത്തുവാനുള്ള ഉത്തരവിന്. | അറുപതുദിവസം. | ഉപശമനത്തീയതി. |
| 122. | ഹാജരാകുവാൻ വീഴ്ചവരുത്തുന്നതിനാലോ അല്ലെങ്കിൽ വ്യവഹാരം തുടർന്നുനടത്താത്തതിനാലോ അല്ലെങ്കിൽ പ്രാസസ്സ് നടത്താനുള്ള ചെലവ് കൊടുക്കാതിരിക്കുയോ കോടതിച്ചെലവിന് ജാമ്യം നല്കാതിരിക്കുകയോ ചെയ്യുന്നതിനാലോ തള്ളപ്പെടുന്ന ഒരു വ്യവഹാരമോ അപ്പീലോ, അല്ലെങ്കിൽ റിവ്യൂവിനോ റിവിഷനോ ഉള്ള അപേക്ഷയോ വീണ്ടും ഫയലിൽ എടുക്കുന്നതിന്. | മുപ്പതുദിവസം. | തള്ളിക്കളയുന്ന തീയതി. |
| 123. | എക്സ് പാർട്ടിയായി പാസ്സാക്കപ്പെട്ട ഒരു വിധി ദുർബലപ്പെടുത്തുന്നതിനോ അല്ലെങ്കിൽ എക്സ് പാർട്ടിയായി വിധിച്ചതോ വാദം കേട്ടതോ ആയ ഒരു അപ്പീൽ വീണ്ടും വാദം കേൾക്കുന്നതിനോ. | മുപ്പതുദിവസം. | വിധിയുടെ തീയതിയോ അല്ലെങ്കിൽ സമനോ നോട്ടീസോ മുറപ്രകാരം നടത്തിയിട്ടില്ലാത്തിടത്ത് അപേക്ഷകന് വിധിയെപ്പററി അറിവ് കിട്ടുമ്പോഴം. |

വിശദീകരണം .— ഈ അനുച്ഛേദത്തിന്റെ ആവശ്യത്തിന് സിവിൽ നടപടി നിയമസംഹിത, 1908(1908-ലെ 5)-ലെ ആർഡർ 5 20-ാംചട്ടത്തിൻ കീഴിലുള്ള പകരം നടത്തൽ മുറപ്രകാരമുള്ള നടത്തലായി കരുതപ്പെടുന്നതല്ല.

| | | | |
|---|---|---|---|
| 124. | സുപ്രീംകോടതിയല്ലാത്ത ഒരു കോടതി വിധിന്യായം റദ്ദുചെയ്യുന്നതിന്. | മുപ്പതുദിവസം. | വിധിയുടെയോ ഉത്തരവിന്റെയോ തീയതി. |
| 125. | വിധി ഒത്തുതീർത്തതോ വിധിക്കാര്യം തീർന്നതോ റിക്കാർഡാക്കുന്നതിന്. | മുപ്പതുദിവസം. | പണം കൊടുക്കുകയോ ഒത്തുതീർക്കുകയോ ചെയ്യുമ്പോൾ. |
| 126. | വിധിസംഖ്യ ഗഡുക്കളായി കൊടുക്കുന്നതിന്. | മുപ്പതുദിവസം. | വിധിയുടെ തീയതി. |
| 127. | വിധി നടത്തലിലെ വില്പന ദുർബലപ്പെടുത്തുന്നതിന്, വിധിക്കടക്കാരനാൽ അങ്ങനെയുള്ള ഏതെങ്കിലും അപേക്ഷ ഉണ്ടാകുന്നു. | മുപ്പതുദിവസം. | വില്പനയുടെ തീയതി. |
| 128. | സ്ഥാവരവസ്തുവിന്റെ കൈവശത്തിൽ നിന്നു പുറത്താക്കപ്പെടുകയും വിധിയുടമയുടെയോ വിധിനടത്തലിലേയോ വില്പനയിലെ ക്രേതാവിന്റെയോ അവകാശം ചോദ്യം ചെയ്യുകയും ചെയ്യുന്ന ഒരാളാൽ, കൈവശത്തിന്. | മുപ്പതുദിവസം. | കൈവശത്തിൽനിന്നു പുറത്താക്കപ്പെട്ട തീയതി. |
| 129. | വിധിയായിട്ടുള്ളതോ വിധി നടത്തലിൽ വിററിട്ടുള്ളതോ ആയ സ്ഥാവരവസ്തുവിന്റെ കൈവശം ഡെലിവർ ചെയ്യുന്നതിനെ ചെറുക്കുന്നതോ തടസ്സപ്പെടുത്തുന്നതോ നീക്കം ചെയ്തതിനുശേഷമുള്ള കൈവശത്തിന്. | മുപ്പതുദിവസം. | ചെറുക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന തീയതി. |
| 130. | പാപ്പരായി അപ്പീൽ കൊടുക്കുവാനുള്ള അനുമതിക്ക്— | | |
| | (ക) ഹൈക്കോടതിയിലേക്ക്; | അറുപതുദിവസം. | ഏതു വിധിയിൽ നിന്നാണോ അപ്പീൽ കൊടുക്കുന്നത് ആ വിധിയുടെ തീയതി. |
| | (ഖ) മറേറതെങ്കിലും കോടതിയിലേക്ക്. | മുപ്പതുദിവസം, | ഏതു വിധിയിൽ നിന്നാണോ അപ്പീൽ കൊടുക്കുന്നത് ആ വിധിയുടെ തീയതി. |

| | | |
|---|---|---|
| 131. ഏതെങ്കിലും കോടതിയിലേക്ക് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-നോ ക്രിമിനൽ നടപടി നിയമസംഹിത, 1898 (1898-ലെ 5)-നോ കീഴിൽ അതിനുള്ള റിവിഷൻ അധികാരങ്ങൾ പ്രയോഗിക്കുന്നതിന്. | തൊണ്ണൂറു ദിവസം | ഏതു വിധിയുടേയോ ഉത്തരവിന്റേയോ ശിക്ഷാവിധിയുടേയോ റിവിഷനാണോ ഇച്ഛരിക്കുന്നത് അതിന്റെ തീയതി |
| 132. ഹൈക്കോടതിയിലേക്ക്. ഭരണഘടനയിലെ 132-ാം അനുച്ഛേദത്തിലെ (1)-ാം ഖണ്ഡത്തിനോ 133-ാം അനുച്ഛേദത്തിനോ 134-ാം അനുച്ഛേദത്തിലെ (1)-ാം ഖണ്ഡത്തിലെ (ഗ) ഉപഖണ്ഡത്തിനോ അല്ലെങ്കിൽ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിനോ കീഴിൽ സുപ്രീം കോടതിയിലേക്ക് അപ്പീൽ കൊടുക്കുവാനുള്ള ഒരു യോഗ്യതാ സർട്ടിഫിക്കറ്റിന്. | അറുപതു ദിവസം | വിധിയുടേയോ, ഉത്തരവിന്റേയോ, ശിക്ഷാ വിധിയുടേയോ തീയതി. |
| 133. സുപ്രീം കോടതിയിലേക്ക് അപ്പീലിനുള്ള പ്രത്യേകാനുമതിക്ക്— | | |
| (ക) മരണശിക്ഷാവിധി ഉൾക്കൊള്ളുന്ന ഒരു സംഗതിയിൽ, | അറുപതു ദിവസം. | വിധിന്യായത്തിന്റേയോ അന്തിമ ഉത്തരവിന്റേയോ ശിക്ഷാവിധിയുടേയോ തീയതി. |
| (ഖ) ഹൈക്കോടതി അപ്പീലനുമതി നിഷേധിച്ച സംഗതയിൽ, | അറുപതു ദിവസം. | നിഷേധ ഉത്തരവിന്റെ തീയതി. |
| (ഗ) മറ്റേതെങ്കിലും സംഗതിയിൽ | തൊണ്ണൂറു ദിവസം | വിധിന്യായത്തിന്റേയോ ഉത്തരവിന്റേയോ തീയതി. |
| 134. കൈവശം ഡെലിവർ ചെയ്തു കിട്ടുന്നതിന് വിധിനടത്തു വില്പനയിലെ സ്ഥാവരവസ്തുവിന്റെ ക്രേതാവിനാൽ. | ഒരുവർഷം | വില്പന പരിപൂർണ്ണമാകുമ്പോൾ |

| | | | |
|---|---|---|---|
| 135. | ഒരു ആജ്ഞാപക ഇൻജങ്ഷൻ നല്കുന്നവിധി ബലത്തിൽ കൊണ്ടുവരുന്നതിന്. | മൂന്നുവർഷം. | വിധിയുടെ തീയതിയോ അല്ലെങ്കിൽ നിർവ്വഹണത്തിന് തീയതി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആ തീയതിയോ. |
| 136. | ഏതെങ്കിലും സിവിൽകോടതിയുടെ ഏതെങ്കിലും വിധിയോ (ഒരു ആജ്ഞാപക ഇൻജങ്ഷൻ നല്കുന്ന വിധി ഒഴികെ) ഉത്തരവോ നടത്തുന്നതിന്. | പന്ത്രണ്ടുവർഷം. | വിധിയോ ഉത്തരവോ ബലത്തിൽ കൊണ്ടുവരാവുന്നതായിത്തീരുമ്പോഴോ അല്ലെങ്കിൽ വിധിയോ പിന്നീടുള്ള ഏതെങ്കിലും ഉത്തരവോ ഒരു നിശ്ചിത തീയതിയോ ആവർത്തിക്കുന്നകാലാവധികളിലോ പണം കൊടുക്കുവാനോ ഏതെങ്കിലും വസ്തു ഡെലിവർ ചെയ്യാനോ നിദേശിക്കുന്നിടത്ത് ഏതു പണം കൊടുക്കലോ ഡെലിവറിയോ സംബന്ധിച്ചാണോ, വിധിനടത്തലിന് ഇച്ഛിക്കുന്നത്, അതിനു വീഴ്ച വരുമ്പോഴും :<br>എന്നാൽ ഒരു ശാശ്വത ഇൻജങ്ഷൻ നല്കുന്ന ഒരു വിധി ബലത്തിൽ കൊണ്ടുവരുകയോ നടത്തുകയോചെയ്യുന്നതിനുള്ള ഒരു അപേക്ഷ കാലഹരണകാലത്തിന് വിധേയമായിരിക്കുന്നതല്ല. |

ഭാഗം II

മററു അപേക്ഷകൾ

| | | | |
|---|---|---|---|
| 137. | ഈ വിഭാഗത്തിൽ മററെവിടേയും കാലഹരണകാലാവധി ഒന്നും വ്യവസ്ഥ ചെയ്തിട്ടില്ലാത്ത മറേറതെങ്കിലും അപേക്ഷ. | മൂന്നുവർഷം. | അപേക്ഷിക്കുവാനുള്ള അവകാശം ഉദ്ഭൂതമാകുമ്പോൾ. |